# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD-P25-2165/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/01/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD-P25-2165/22 തീയ്യതി: 07/01/2023

## പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-12-2021 മുതൽ 15-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 19-09-2022 | 29-09-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2022 | 29-09-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി പ്രീത.യു.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജാത.എ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷഹീർ.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഒ. നാരായണൻകുട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി രമ്യ കൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 08-04-2021 |
| ശ്രീ ഷാജഹാൻ. ഇ | സെക്രട്ടറി | 09-04-2021 | 19-04-2021 |
| ശ്രീമതി രമ്യ കൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-04-2021 | 10-05-2021 |
| ശ്രീ ഷാജഹാൻ. ഇ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2021 | 14-05-2021 |
| ശ്രീ ഹരിമോഹൻ ഉണ്ണികൃഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-05-2021 | 05-10-2021 |
| ശ്രീമതി അനിത. ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2021 | 08-11-2021 |
| ശ്രീമതി ശ്രീദേവി അമ്മ. പി | സെക്രട്ടറി | 09-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഹരിമോഹൻ ഉണ്ണികൃഷ്ണൻ | അസി.സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീമതി അനിത. ടി | അസി.സെക്രട്ടറി | 11-05-2021 | 31-03-2022 |
| ശ്രീമതി കണ്ണമ്മ യു.ആർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി ശ്രീലത. കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 24-11-2021 | 31-03-2022 |
| ശ്രീ അജി. എസ്. ആനന്ദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുജി | അസി.എൻജിനിയർ | 01-04-2021 | 29-04-2021 |
| ശ്രീമതി റീന.വി | അസി.എൻജിനിയർ | 30-04-2021 | 15-07-2021 |
| ശ്രീമതി സജിത ടി.എസ് | അസി.എൻജിനിയർ | 16-07-2021 | 31-03-2022 |
| ഡോ. വനജ. പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ഹണി റോസ് തോമസ് | മെഡിക്കൽ ഓഫീസർ(PHC) | 01-04-2021 | 02-05-2021 |
| ഡോ, അഞ്ജലി മാത്യു | മെഡിക്കൽ ഓഫീസർ(PHC) | 03-05-2021 | 05-11-2021 |
| ഡോ. ബിനോയ് ബാബു | മെഡിക്കൽ ഓഫീസർ(PHC) | 06-11-2021 | 31-01-2022 |
| ഡോ, അഞ്ജലി മാത്യു | മെഡിക്കൽ ഓഫീസർ(PHC) | 01-02-2022 | 31-03-2022 |
| ശ്രീ.അനീഷ് നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അപർണ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ അജീഷ് കുമാർ പി.ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2-0 |
| 3 | വാർഷിക കണക്ക് പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | കാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകൾ - 452653/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു | 1-11 |
| 13 | പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 14 | വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-13-1 |
| 15 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-13-2 |
| 16 | കെട്ടിടങ്ങളെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കി നൽകൽ- നിയമാനുസൃതമാവേണ്ടതാണ് | 1-13-3 |
| 17 | വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 1-13-4 |
| 18 | വസ്തു നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 19 | വികസന ഫണ്ട് ആവർത്തന ചെലവുകൾക്ക് വിനിയോഗിക്കുന്നു | 1-14 |
| 20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിലെ അപാകതകൾ | 1-15-0 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക എസ്.ഡി.ആർ.എഫിൽ നിന്നും റീ ഇമ്പേഴ്സ് ചെയ്യാതെ വികസനഫണ്ടിൽ നിന്ന് റീകൂപ്പ് ചെയ്തു | 1-15-1 |
| 22 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംഭാവനയായി പിരിച്ചെടുത്ത തുക വിനിയോഗിക്കാതെ പദ്ധതി ഫണ്ട് വിനിയോഗിച്ചു | 1-15-2 |
| 23 | മാർഗ്ഗനിർദ്ദേശം പാലിക്കാതെ ആർട്ട്കോ എന്ന സ്ഥാപനം മുഖേന നേരിട്ട് വിവിധ വാർഡുകളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു | 1-16 |
| 24 | ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ- പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-17 |
| 25 | എ.ഇ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ -പ്രിന്റർ ലഭ്യമായില്ല | 1-18 |
| 26 | എസ്.എസ്.എ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-19 |
| 27 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-20 |
| 28 | വിത്തുകൾ, തൈകൾ, ജൈവ വളങ്ങൾ എന്നിവ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല | 1-21 |
| 29 | അങ്കണവാടി പോഷകാഹാരം - ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 30 | അങ്കണവാടി പോഷകാഹാരം - മണ്ണാർക്കാട് നഗരസഭയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രീമിക്സിന്റെ തുക പഞ്ചായത്ത് വികസന ഫണ്ടിൽ | 1-23 |

| | | |
|---|---|---|
| | നിന്നും മാറി നൽകി | |
| 31 | അങ്കണവാടി പോഷകാഹാരം - അധിക തുക അനുവദിച്ചു | 1-24 |
| 32 | ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-25 |
| 33 | എം സി എഫിൽ ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 34 | എസ് സി കോളനികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 35 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-28 |
| 36 | പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-29 |
| 37 | വീട് വാസയോഗ്യമാക്കൽ (എസ് സി) - സബ്സിഡി-ധനസഹായ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-30 |
| 38 | പി എച്ച് സിക്ക് കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല | 1-31 |
| 39 | എ ബി സി പ്രൊജക്ട് - പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ് | 1-32 |
| 40 | മുട്ടകോഴി വിതരണം (വനിത – എസ് സി പി) - ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 1-33 |
| 41 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-34 |
| 42 | ടാറിംഗ് പ്രവൃത്തികൾ - ബില്ലുകളിൽ നിന്നും കുറവു ചെയ്ത ടാർ ബാരലുകളുടെ ജി.എസ്.ടി അടവാക്കേണ്ടതാണ് | 1-35 |
| 43 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - അവശ്യ അനുമതിപത്രങ്ങൾ അതാത് കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ് | 1-36 |
| 44 | ടേയ്ക്ക് എ ബ്രേക്ക് പദ്ധതി - സ്ഥല ലഭ്യത ഉറപ്പാക്കാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു | 1-37 |
| 45 | ജി എസ് ടി റിട്ടേൺ ഫയൽ ചെയ്യുന്നതിലുള്ള കാലതാമസത്തിന് പിഴ ഒടുക്കി | 1-38 |
| 46 | ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റി | 1-39 |
| 47 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം-മരണമടഞ്ഞവരെ ഡാറ്റാബേസിൽ നിന്ന് യഥാസമയം ഒഴിവാക്കുന്നില്ല | 1-40 |
| 48 | MGNREGS -മെറ്റീരിയൽ പ്രവൃത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ. | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തതിലെ കാലതാമസം - പിഴയിനത്തിൽ ഒടുക്കിയ 83700/-രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

25.02.2021 തീയതിയിലെ 1-1 നം. തീരുമാനപ്രകാരം 2021-22 ലെ ബജറ്റ് അംഗീകരിച്ചു. 23.3.2022 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 38,91,426 | 27,87,445 |
| വരവ് | 36,65,71,830 | 16,63,88,455 |
| ആകെ | 37,04,63,256 | 16,91,75,900 |
| ചെലവ് | 36,01,30,270 | 16,81,96,200 |
| നീക്കിയിരിപ്പ് | 1,03,32,986 | 9,79,700 |

ബഡ്ജറ്റിൽ ₹16.91 കോടി വരവും ₹16.81 കോടി ചെലവും വകയിരുത്തിയെങ്കിലും വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് 7 കോടിയും ചെലവ് 6.24 കോടിയും ആണ്. പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കുമ്പോഴും അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോഴും തൻവർഷം നാളിതുവരെയുള്ള വരവു ചെലവുകൾ പരിഗണിക്കുന്നില്ല. അതുകൊണ്ടുതന്നെ യഥാർത്ഥ വരവിന്റെ ഇരട്ടിയിലധികമാണ് ബഡ്ജറ്റിൽ വരവിലും ചെലവിലും വകയിരുത്തുന്നത്. ബഡ്ജറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും ഗ്രാമ പഞ്ചായത്തുകളുടെ ബജറ്റ് തയ്യാറാക്കുന്നതിനായി GO(Rt)No.3291/2016/LSGD/02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച മാന്വലിലെ നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

## 1-2-0 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 20-08-2022 | - | - |

വാർഷിക കണക്ക് സമയപരിധിക്കകം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക കണക്ക് പരിശോധന

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

2.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

3. ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ്, ലൈസൻസ് ഫീ എന്നിവയുടെ കൃത്യത ഉറപ്പാക്കാനായില്ല.

4. ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള വായ്പാ തുക സംസ്ഥാന വിഹിതം 200000/- രൂപ ഉൾപ്പെടെയാണ്.

5. MGNREGS - വാർഷിക കണക്ക്, കാഷ് ബുക്ക് എന്നിവയിൽ താഴെ പറയും പ്രകാരമുള്ള

വ്യത്യാസം നിലനിൽക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| വാർഷിക കണക്ക് | 11119369 | 11119369 |
| കാഷ് ബുക്ക്/MIS | 38940878 | 38940869 |

6. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ച് വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. സംയുക്ത പദ്ധതികളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4) രേഖപ്പെടുത്തിയ വിവരങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

8. വസ്തുനികുതി ഡി.സി.ബി- അരിയർ, തൻവർഷം- സഞ്ചയ സ്റ്റേറ്റ്മെന്റും, വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. സാമ്പത്തിക വർഷം അസി. സെക്രട്ടറി നിർവ്വഹിച്ച വിവിധ വാർഡുകളിലെ എസ്.സി കോളനികളിലേക്ക് കുടിവെള്ള കണക്ഷൻ (പ്രൊജക്ട് നം-150/22) എന്ന പദ്ധതിക്കായി 390000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബി-18 ലെ 460500201 എന്ന ശീർഷകത്തിൽ കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റായി 200000 രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7876319 |
| വരവ് | 62295681 |
| ആകെ | 70172000 |
| ചെലവ് | 62403717 |
| നീക്കിയിരിപ്പ് | 7768283 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (*) | 0 | 17398000 | 17398000 | 13765037 | 3632963 |
| വികസന ഫണ്ട് - എസ്.സി.പി (**) | 0 | 5061000 | 5061000 | 4360088 | 700912 |
| വികസന ഫണ്ട് - ടിഎസ്.പി | | 541000 | 541000 | 541000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 9292000 | 9292000 | 4285217 | 5006783 *** |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5418425 | 5418425 | 3431075 | 1987350 |
| സി.എഫ്.സി- അൺ ടൈഡ് ഗ്രാന്റ്-New | 0 | 3240000+ 58064 | 3298064 | 2027336 | 56190 (ബാങ്കിൽ) |
| സി.എഫ്.സി- അൺടൈഡ് ഗ്രാന്റ്-Spillover | 0 | 295385 | 295385 | 286679 | 8706(ലാപ്സ് ആയി) |
| സി.എഫ്.സി- ടൈഡ് ഗ്രാന്റ്-Spillover | 0 | 4731085 | 4731085 | 3924636 | 806449 (ലാപ്സ് ആയി) |
| സി.എഫ്.സി- ടൈഡ് ഗ്രാന്റ്- | 0 | 4860000 | 4860000 | 2596158 | 2263842 |

| New | | | | | (ബാങ്കിൽ) |
|---|---|---|---|---|---|

**കേന്ദ്രാവിഷ്കൃതം**

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | വിവരം ലഭ്യമല്ല | 682200 | 682200 | 682200 | 0 |

2. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 432747 | 0 | 432747 | 389550 | 43197 |
| സമ്പൂർണ്ണ ശുചിത്വം | 1887957 | 0 | 1887957 | 1395464 | 492493 |

3. തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ****ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17223 | 794249 | 811472 | 811463 | 9 |
| തൊഴിലാളി കളുടെ വേതനം | 0 | 10307906 | 10307906 | 10307906 | 0 |
| ആകെ | 17223 | 11102155 | 11119378 | 11119369 | 9 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | - | 200000 | 200000 | 200000 | - |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 2683626 /-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 304174/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

*** 4135000 രൂപ അലോട്ട്മെന്റ് തുകയിൽ നിന്നും സർക്കാർ കുറവ് ചെയ്തിട്ടുണ്ട്.

****വാർഷികകണക്ക് പ്രകാരമുള്ള കണക്കും NREGS എം ഐ എസ് പ്രകാരമുള്ള കണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു. MGNREGS രജിസ്റ്ററുകൾ പ്രകാരം യഥാർത്ഥത്തിലുള്ള ചെലവ് തുക 38940869/- രൂപയാണ്.

വാർഷികകണക്കിനോടൊപ്പം സമർപ്പിക്കേണ്ട ഗ്രാന്റ് വിനിയോഗപത്രിക, ACR എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റുകളുടെ വിനിയോഗം ഉൾപ്പെടുത്തിയിട്ടുള്ളത്.
ഗ്രാന്റ് വിനിയോഗപത്രിക പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.
വികസന ഫണ്ട് (ജനറൽ) – അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 2683626 /-രൂപ വികസന ഫണ്ട് - ജനറൽ വരവിൽ ഉൾപ്പെടുത്താതെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നീക്കിയിരുപ്പ് മൈനസാണ്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 96666714 | 165 | 46579065 | - | 41 | 80 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 80% ത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 48% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 3195929 | 1908181 | 60 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2103600 | 1868990 | 89 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 2123270 | 1793216 | 84 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 7 | 7 | 1875000 | 1875000 | 100 |
| വി.ഇ.ഒ | 14 | 12 | 39889176 | 8349564 | 21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 5396716 | 4271254 | 79 |
| സെക്രട്ടറി | 46 | 34 | 13627756 | 8001401 | 59 |
| അസി.സെക്രട്ടറി | 12 | 11 | 2819900 | 2065372 | 73 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 92 | 68 | 22727093 | 15108946 | 66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1372274 | 936137 | 68 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 4 | 1536000 | 401004 | 26 |
| ആകെ | 206 | 165 | 96666714 | 46579065 | 48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17223 | 794249 | 811472 | 811463 | 9 |
| എം.എൻ.ആർ. ഇ.ജി.എസ്-തൊഴിലാളി കളുടെ വേതനം | 0 | 10307906 | 10307906 | 10307906 | 0 |
| ആകെ | 17223 | 11102155 | 11119378 | 11119369 | 9 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2119500 | 136 |
| 2 | വാർദ്ധക്യകാല പെൻഷൻ | 32852800 | 2284 |
| 3 | വികലാംഗ പെൻഷൻ | 3483200 | 226 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 442800 | 31 |
| 5 | വിധവാ പെൻഷൻ | 14861600 | 964 |
| 6 | വിധവകളുടെ പെൺമക്കളുടെ | 30000 | 1 |

| | വിവാഹധനസഹായം | | |
|---|---|---|---|

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 24-09-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 19789/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി സെപ്റ്റംബർ/22 ൽ അവസാനിച്ചു. ആയത് പുതുക്കേണ്ടതുണ്ട്. പൗരാവകാശ രേഖ 2021-22ൽ പുതുക്കേണ്ടതുണ്ട്.

**രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്**

സംയുക്ത പ്രൊജക്ടുകളുടെ നീക്കിയിരുപ്പിന്റെ വിശദവിവരങ്ങളടങ്ങിയ (ബാലൻസ് ഷീറ്റ് പ്രകാരമുള്ളത്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ട്രേഡേഴ്സിന്റെ ഡാറ്റ വാർഡ് തിരിച്ച് കാലികമാക്കി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ആസ്തികളുടെ അപ്ഡേഷൻ 2017 വരെ മാത്രമാണ് നടത്തിയിട്ടുള്ളത്. അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയത് പൂർത്തീകരിച്ചു വരുന്നു.

സ.ഉ(ആർ.ടി)നം.166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

പ്രധാനപ്പെട്ട തനത് വരുമാന സ്രോതസ്സുകളായ വസ്തു നികുതി, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

17.02.2014 തിയതിയിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ് നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 28.03.2014ന് ലഭ്യമായിട്ടുണ്ട്.

30-06-2016 തീയതിയിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ ദുരന്ത നിവാരണ മാനേജ്മെന്റ് പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്.

16-05-2022 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ ഏപ്രിൽ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകൾ - 452653/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു

സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമായ തുകകളുടെ അക്കൗണ്ടിംഗിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.07/2017/ ഫിൻ/തീയതി 23.01.2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഡി.പി.സി അംഗീകരിച്ച പ്രൊജക്ട് നടപ്പാക്കുന്ന മുഖ്യ സ്ഥാപനത്തിന് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുറക്കാവുന്നതാണെന്നും ഷെയർ നൽകുന്ന സ്ഥാപനങ്ങൾ സെപ്റ്റംബർ 30 നകം തുക ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ഈ അക്കൗണ്ടിൽ നിന്നും പിന്നീട് ചെക്ക് മുഖേന തുക

പിൻവലിക്കാവുന്നതാണ്. പ്രൊജക്ട് നടപ്പാക്കുന്ന സ്ഥാപനം ഫെബ്രുവരി അവസാനത്തെ ആഴ്ചയിൽ പുരോഗതി വിലയിരുത്തി, ചെലവഴിക്കുവാൻ സാധ്യതയില്ലെന്ന് കാണുന്ന തുക ഫെബ്രുവരി 28 നകം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. മാർച്ച് 31 ന് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതും അക്കൗണ്ടിൽ സീറോ ബാലൻസ് ഉറപ്പാക്കേണ്ടതുമാണ്.

2018-19, 2019-20 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി കൈമാറിക്കിട്ടിയ തുക ചെലവഴിക്കുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലൈഫ് ഭവന നിർമ്മാണം, സാന്ത്വന പരിചരണം, ശ്മശാന നവീകരണം, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് മുതലായ പദ്ധതികൾക്കായി ലഭ്യമായ തുകയിൽ 452653/-രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നതായി കണ്ടെത്തി.

2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18-19 | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| | 19-20 | 4021 | സാന്ത്വന പരിചരണ പദ്ധതി | 0 | 4021 |
| | 19-20 | 6824 | ലൈഫ് ഭവന പദ്ധതി | 0 | 6824 |
| | 20-21 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 200000 |
| | 19-20 | 144231 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 144231 |
| | 2017-18നു മുമ്പുള്ള തുക | 51859 | ശ്മശാന നവീകരണം | 0 | 51859 |
| ജില്ലാ പഞ്ചായത്ത് | 19-20 | 10747 | ലൈഫ് ഭവന പദ്ധതി | 0 | 10747 |
| | | | | ആകെ | 452653/- |

മേൽ വിഷയത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 2/22.09.22).
സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.
നീക്കിയിരുപ്പ് തുകകളുടെ വിനിയോഗം/തിരിച്ചടവ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2021-22 വർഷത്തിൽ 188 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് 2021-22 വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. എന്നാൽ 99 അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ലഭ്യമായവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

2021-22 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 188 സ്ഥാപനങ്ങൾക്ക് ലൈസൻസ്

അനുവദിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 15 വാർഡുകളിലായി 1332 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ആയത് പരിശോധിച്ച് ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. അറവുശാലകൾ, റേഷൻ കടകൾ എന്നിവ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 85, 149 പ്രകാരം യഥാക്രമം അറവുശാലകളുടെയും റേഷൻ കടകളുടെയും നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2021-2022 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളും അറവുശാലകളും ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

**3. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്**

2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരം ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**4. ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല**

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 15/27.09.2022 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-13-1 വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു</u>**

2021-22 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 1,36,062/- രൂപ വസ്തു നികുതി കുടിശ്ശിക

ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. തൻവർഷ വസ്തു നികുതി ഇനത്തിൽ 28,76,714/- വരവ് ലഭിച്ചപ്പോൾ 1,02,617/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 52,377 | 8,637 | 61,014/- |
| ഗാർഹികേതരം | 50,240 | 24,808 | 75,048/- |
| ആകെ | 1,02,617 | 33,445 | 1,36,062/- |

വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13-2 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു**

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തിനെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

1.

| | |
|---|---|
| കെട്ടിട നം. | 7/555 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ജോസ്.പി.കെ, അധികാരത്ത് വീട്, തച്ചമ്പാറ |
| വിസ്തീർണ്ണം | 184ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 184*40 = 7360<br>വർദ്ധനവ് - 20% (വഴിസൗകര്യം)<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 8832<br>ലൈബ്രറി സെസ്സ് - 442<br>ആകെ – 9274 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 184*60 = 11040<br>വർദ്ധനവ് - 20% (വഴിസൗകര്യം)<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 13248<br>ലൈബ്രറി സെസ്സ് - 662<br>ആകെ - 13910 |
| പ്രതിവർഷ നഷ്ടം | 13910 – 9274 = 4636 രൂപ |

2.

| | |
|---|---|
| കെട്ടിട നം. | 13/715 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | യൂസഫ്, കല്ല്യത്തൊടി, വാഴമ്പുറം |
| വിസ്തീർണ്ണം | 155ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 155*40 = 6200<br>വർദ്ധനവ് - 20% (വഴിസൗകര്യം)<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 7440<br>ലൈബ്രറി സെസ്സ് - 372<br>ആകെ – 7812 |
| യഥാർത്ഥത്തിൽ | 155*60 = 9300 |

| | |
|---|---|
| നിർണ്ണയിക്കേണ്ട വസ്തുനികുതി | വർദ്ധനവ് - 20% (വഴിസൗകര്യം)<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 11160<br>ലൈബ്രറി സെസ്സ് - 558<br>ആകെ - 11718 |
| പ്രതിവർഷ നഷ്ടം | 11718 – 7812 = 3906 രൂപ |

ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തി വസ്തു നികുതിയിൽ വന്നിട്ടുള്ള നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

**1-13-3 കെട്ടിടങ്ങളെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കി നൽകൽ-നിയമാനുസൃതമാവേണ്ടതാണ്**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരം നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കേണ്ട കെട്ടിടങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. സ.ഉ(എം.എസ്) നം. 144/15/തസ്വഭവ, തിയതി 27.04.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള വാസഗ്രഹങ്ങളായ കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നം 358/15/തസ്വഭവ, തിയതി 16.12.2015 പ്രകാരം കുടുംബനാഥന്റെ പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗ്രഹത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തുകയും. നികുതി ഒഴിവാക്കി നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ പരിശോധനയിൽ നിയമാനുസൃതമല്ലാതെ താഴെ പറയുന്ന കെട്ടിടങ്ങളെ ഒഴിവാക്കിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | സഞ്ചയയിലെ ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|---|
| 1 | ബോബി സെബാസ്റ്റ്യൻ, പൂവത്തിങ്കൽ വീട്, പാലക്കയം | 7/28, 170 ച.മീ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടം | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച. മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു |
| 2 | ജോൺ മാഞ്ഞൂരാൻ, ബംഗ്ളാവ്, മുതുകുറുശ്ശി | 5/106, 80ച.മീ | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടം | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |

മേൽ കെട്ടിടങ്ങൾ ഉൾപ്പെടെ അനർഹമായി വസ്തു നികുതി ഇളവ് നൽകിയിട്ടു മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

**1-13-4 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന

ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയ് നേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.
വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

വസ്തു നികുതി പരിശോധയിൽ കണ്ട മേൽ അപാകങ്ങൾക്കുള്ള (ഓഡിറ്റ് അന്വേഷണം നം. 13/26.09.2022) മറുപടിയിൽ അപാകങ്ങൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും കുറവ് വന്ന തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

## 1-14 വികസന ഫണ്ട് ആവർത്തന ചെലവുകൾക്ക് വിനിയോഗിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ട വികസന ഫണ്ട് വാതകശ്മശാനത്തിലേക്ക് ഗ്യാസ് വാങ്ങുന്നതിനുള്ള ആവർത്തന ചെലവുകൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

| പദ്ധതി നം. | പേര് | ചെലവ് തുക | ട്രഷറി ബിൽ നം. |
|---|---|---|---|
| 93/22 | വാതക ശ്മശാനത്തിലേക്ക് ഗ്യാസ് വാങ്ങൽ | 267106/- | 18/27.12.21,204199/-<br>26/4.3.22, 62907/- |

ആവർത്തന ചെലവുകൾക്കായി തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റിന്റെ 10% എന്നിവ വിനിയോഗിക്കുന്നതിനു പകരം വികസനഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/24.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-15-0 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിലെ അപാകതകൾ

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി തുക വിനിയോഗിച്ചതിലുള്ള അപാകതകൾ ഉപഖണ്ഡികകളായി ചേർക്കുന്നു.

## 1-15-1 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക എസ്.ഡി.ആർ.എഫിൽ നിന്നും റീ ഇമ്പേഴ്സ് ചെയ്യാതെ വികസനഫണ്ടിൽ നിന്ന് റീകൂപ്പ് ചെയ്തു

പ്രൊജക്ട് നം. 85/22(കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ)
അടങ്കൽ-500000
ചെലവ്-499995/-
നിർവ്വഹണം-സെക്രട്ടറി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിനുശേഷം പ്രസ്തുത തുകകൾ വികസനഫണ്ടിൽ നിന്നും പദ്ധതി തയ്യാറാക്കി റീകൂപ്പ് ചെയ്തിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും തുക ചെവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 16/28.10.21 | 408654 |
| 4/9.8.21 | 74382 |
| 9/3.9.21 | 16959 |

സ.ഉ(സാധാ)നം.911/2021/തസ്വഭവ തീയതി 26.4.21 ലെ നം. ഉത്തരവിലെ ക്രമ.നം.12 ലെ നിർദ്ദേശപ്രകാരം എസ്.ഡി.ആർ.എഫിൽ നിന്നും അഡ്വാൻസായി തുക ലഭിക്കാത്ത സന്ദർഭത്തിൽ റീ ഇമ്പേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ വികസനഫണ്ടിൽ നിന്ന് തുക റീകൂപ്പ് ചെയ്യുകയാണുണ്ടായത്.
ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്ക് വികസനഫണ്ട് അപര്യാപ്തമാണെന്നിരിക്കെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ആയത് റീ ഇമ്പേഴ്സ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാതെ പദ്ധതി ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/24.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി വികസനഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

**1-15-2 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംഭാവനയായി പിരിച്ചെടുത്ത തുക വിനിയോഗിക്കാതെ പദ്ധതി ഫണ്ട് വിനിയോഗിച്ചു**

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനായി 19.5.21 തീയതിയിൽ കേരള ഗ്രാമീൺ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും 315801/- രൂപ (നിലവിലെ നീക്കിയിരുപ്പ്) ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക കോവിഡ് ആവശ്യങ്ങൾക്കായി വിനിയോഗിക്കാതെ അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിക്കാതെ പദ്ധതി ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/24.9.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സംഭാവന സ്വീകരിച്ച് തുക വിനിയോഗിക്കുന്നതിന് സർക്കാർ മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ ഈ തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കി ആയതിനനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 മാർഗ്ഗനിർദ്ദേശം പാലിക്കാതെ ആർട്ട്കോ എന്ന സ്ഥാപനം മുഖേന നേരിട്ട് വിവിധ വാർഡുകളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു**

**പ്രൊ.നം. 91/22-എൽ.ഇ.ഡി ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ**

ആകെ അടങ്കൽ-700000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് :696500/-

| ബിൽ നം | തുക | ഇൻവോയിസ് നം. |
|---|---|---|
| 22100766-22100770/19.1.22 | 696500/- | 135/10.12.21, 696500 |

ഈ പദ്ധതിക്ക് സ്റ്റീൽ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലി., കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലി.(കെൽ), ആർട്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നം. എ)2-154/21-4.10.21, 18.10.21, 18.10.21 എന്നീ

തീയതികളിൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾ നിരക്ക് ലഭ്യമാക്കിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ലഭ്യമാക്കിയ ആർട്കോ എന്ന സ്ഥാപനത്തിന്റെ നിരക്ക് പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ നൽകിയിട്ടുണ്ട്. 8.11.21 തിയതിയിലെ 5(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം "ആർട്കോ" എന്ന സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

7 ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് എ2-154/21 തീയതി 11.11.21 പ്രകാരം ആർട്കോയ്ക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. 8 മീ. ഉയരമുള്ള പോളുകളിൽ 4 എൽ ഇ ഡി വിളക്കുകൾ (80W) സ്ഥാപിക്കുന്നതിന് 99500/- രൂപ എന്ന നിരക്കിലാണ് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 10-02-2020ലെ G.O.(Rt)നം. 8/2020/SPD ഉത്തരവിൽ ആർട്കോ എന്ന സ്ഥാപനത്തിന് ഫർണിച്ചർ സപ്ലൈ ചെയ്യുന്നതിനാണ് അക്രഡിറ്റേഷൻ ഉള്ളത്. ഫർണിച്ചർ സപ്ലൈ ചെയ്യുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ആർട്കോ എന്ന സ്ഥാപനത്തെ ലോ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി ശരിയല്ല.
സ.ഉ(പി)നം.77/2019/Fin തിയതി 04-07-2019 പ്രകാരം ARTCO എന്ന സ്ഥാപനം ഇന്റീരിയർ പ്രവൃത്തികൾക്കുള്ള അക്രഡിറ്റേഷനാണ് എടുത്തിട്ടുള്ളത്. ആയതിനാൽ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ ലോ മാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനുള്ള അർഹത ആർട്കോ എന്ന സ്ഥാപനത്തിനില്ല.

ഇത്തരം പ്രവൃത്തികൾ ആർട്കോയെ നേരിട്ട് ഏൽപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും അത്തരത്തിലുള്ള ഉത്തരവുകളൊന്നും ലഭ്യമാക്കുകയുണ്ടായില്ല

ബി) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവയ്ക്ക് ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വാല്വേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നടത്തിയിട്ടില്ല.

സി) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം 500000 രൂപയിലധികം തുക അടങ്കലായുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ ചെയ്യണമെന്ന നിബന്ധന പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനം മുഖേന ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു.

ഡി) ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതായി 4 വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ മാത്രമാണ് ഉള്ളത്.

ഇ) തെരുവ് വിളക്കുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോ മാസ്റ്റ് ലൈറ്റ് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകളും നിലവിലില്ല. ലൈറ്റുകളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/24.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
മാർഗ്ഗരേഖ പാലിക്കാതെ ഇലക്ട്രിക്കൽ പ്രവർത്തികൾ ആർട്കോ മുഖേന നടപ്പിലാക്കിയതിനാൽ ഈയിനത്തിലുള്ള ചെലവ് 696500/- രൂപ തടസപ്പെടുത്തുന്നു. സർക്കാർ മാർഗനിർദ്ദേശമനുസരിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ- പൂർത്തീകരണം ഉറപ്പാക്കിയില്ല

പ്രൊ.നം.172/22

| | |
|---|---|
| അടങ്കൽ | 750000- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 728750/-<br>ട്രഷറി ബിൽ നം. 19/20.1.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കൃഷി ഭവൻ കെട്ടിടത്തിനുമുകളിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അനർട്ട് മുഖാന്തിരമാണ് സോളാർ സിസ്റ്റം സ്ഥാപിക്കുന്നത്. 5KW സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് 728750/- രൂപയുടെ എസ്റ്റിമേറ്റാണ് അനർട്ട് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി ഈ തുക മുൻകൂറായി പിൻവലിച്ച് അനർട്ടിന് നൽകി. അനർട്ടുമായി 19.1.22 ന് ചമച്ചിട്ടുള്ള കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി ഒരുമാസത്തിനകം പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും അനർട്ടിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

**1-18 എ).ഇ ഓഫീസിലേക്ക് പ്രിന്റർ വാങ്ങൽ -പ്രിന്റർ ലഭ്യമായില്ല**

പ്രോജക്ട് നം -145/**22**
നിർവ്വഹണം - സെക്രട്ടറി
അടങ്കൽ -5292/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്-5292/-
ബിൽ നം.22101061/23.3.22

LSGD ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി 14726 രൂപ 27/5/20 ന് തനത് ഫണ്ടിൽ നിന്ന് കേരള സംസ്ഥാന ഐ.ടി മിഷന്റെ 3959 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഓർഡർ നൽകിയ സമയത്തെ വിലയിലും സ്പെസിഫിക്കേഷനിലും ഉള്ള പ്രിന്റർ ലഭ്യമല്ലാത്തതിനാൽ CPRCS സൈറ്റിലെ നിരക്കിൽ പ്രിന്റർ വാങ്ങുന്നതിനായി തൻവർഷത്തെ പ്രൊജക്ടിൽ നിന്നും 5292/- രൂപ കൂടി അനുവദിച്ചുവെങ്കിലും നാളിതുവരെയും പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ആവശ്യമായതിനാൽ പ്രൊജക്ട് നം.233/22 പ്രകാരം GeM മുഖേന പ്രിന്റർ ലഭ്യമാക്കിയിട്ടുണ്ട്. CPRCS ൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/24.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-19 എസ്.എസ്.എ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം**

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നം. 1/21 (എസ്.എസ്.എ വിഹിതം നൽകൽ)

അടങ്കൽ- 568098(വികസനഫണ്ട് ജനറൽ)

ചെലവ് – 568098 (ബിൽ നം. 11/10.9.21)

2021-22 വർഷത്തേക്കുള്ള എസ്.എസ്.കെ വിഹിതമായി മേൽപ്പറഞ്ഞ പ്രകാരം തുക പിൻവലിച്ച് എസ് എസ് എ ജില്ലാ പ്രൊജക്ട് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.കെ പ്രവർത്തനങ്ങളുടെ ഗുണഫലം ഗ്രാമപഞ്ചായത്തിലെ എത്ര വിദ്യാലയങ്ങളിലെ എത്ര വിദ്യാർത്ഥികൾക്കു വീതം ലഭ്യമായിട്ടുണ്ടെന്ന വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/24.9.2022) മറുപടി ലഭ്യമാക്കിയില്ല

പ്രസ്തുത വിവരം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-20 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല**

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം. | 3/22 |
| അടങ്കൽ | 100000/- (റോഡിതര മെയിന്റനൻസ് ഫണ്ട്) |
| ബിൽ നം./ തീയതി | 24/ 2.2.22, തുക-100000 |

ഹോമിയോ ആശുപത്രിക്കായി മരുന്നുകൾ ലഭ്യമാക്കുവാനായി 100000/- രൂപ ആലപ്പുഴയിലെ ഹോംകോ ഫാർമസിയുടെ അക്കൗണ്ട് നം.34306403911 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുക മുൻകൂറായി അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഹോംകോയുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാവുന്നതിന്റെ കലതാമസത്തിനുള്ള കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/24.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക്/രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-21 വിത്തുകൾ, തൈകൾ, ജൈവ വളങ്ങൾ എന്നിവ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല**

കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം വിത്തുകൾ, തൈകൾ, ജൈവ വളങ്ങൾ എന്നിവ ആത്മ അഗ്രോ സർവ്വീസ് സെന്റർ, തച്ചമ്പാറയിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. , പേര് | ബി ആർ നം./ തീയതി | തുക (രൂപ) | വാങ്ങിയ സാധനങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 37, സമഗ്ര നെൽകൃഷി വികസനം | 1) 493229/ 01.10.2021<br>2) 493229/ 01.10.2021<br>3) 503852/ 11.10.2021 | 1) 23976<br>2) 42099<br>3) 26040 | 1) കുമ്മായം (2314 Kg)<br>2) വേപ്പിൻ പിണ്ണാക്ക് (2245 Kg)<br>3) പൊൻമണി വിത്ത് (620 Kg) | കുമ്മായം വിതരണ രജിസ്റ്ററിൽ ചേർത്ത് തച്ചമ്പാറ പാടശേഖര സമിതിക്ക് കൈമാറി യിട്ടുണ്ട്. എന്നാൽ പൊൻമണി വിത്ത് വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി കാണുന്നില്ല. |
| 2 | 40, സമഗ്ര തെങ്ങു കൃഷി വികസനം | 1) 572728/ 28.10.2021<br>2) 572705/ 28.10.2021<br>3) 149830/ 18.02.2022 | 1) 320827<br>2) 756590<br>3) 71820 | 1) കുമ്മായം (36750 Kg)<br>2) വേപ്പിൻ പിണ്ണാക്ക് (60518.85 Kg)<br>3) പച്ചിലവള വിത്ത് (756 Kg) | കുമ്മായം, വേപ്പിൻ പിണ്ണാക്ക് എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് ഓരോ വാർഡിലേയും കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പച്ചിലവള വിത്ത് വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി കാണുന്നില്ല. |

| | | | | | |
|---|---|---|---|---|---|
| 3 | 56, കവുങ്ങിന് തുരിശും ചുണ്ണാമ്പും | 572691/ 27.10.2021 | 137558 | 1) തുരിശ് (876.17 Kg)<br>2) കുമ്മായം ( 876.17 Kg) | കുമ്മായം, തുരിശ് എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് ഓരോ വാർഡിലേയും കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. |
| 4 | 58, സുഭിക്ഷ കേരളം അടുക്കള തോട്ടം പച്ചക്കറി ഉത്പ്പാദനം | 1) 149868/ 18.02.2022<br>2) 149840/ 18.02.2022<br>3) 149874/ 18.02.2022<br>4) 149852/ 18.02.2022<br>5) 149859/ 18.02.2022 | 1) 7289<br>2) 33200<br>3) 20401<br>4) 33200<br>5) 4972 | 1) കുമ്മായം (694.2 Kg)<br>2) ഹൈബ്രീഡ് പച്ചക്കറി വിത്ത് (400 Kg)<br>3) വേപ്പിൻ പിണ്ണാക്ക് (1088.1 Kg)<br>4) പച്ചക്കറി തൈകൾ (13280 Nos)<br>5) ജൈവ കീടനാശിനി (78 Kg) | കുമ്മായം, വേപ്പിൻ പിണ്ണാക്ക്, ജൈവ കീടനാശിനി എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് ഓരോ വാർഡിലേയും കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പച്ചക്കറി വിത്ത്, തൈകൾ എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി കാണുന്നില്ല. |
| 5 | 63, സുഭിക്ഷ കേരളം വാഴ കൃഷി പ്രോത്സാഹനം | 1) 313384/ 14.03.2022<br>2) 365092/ 18.03.2022 | 1) 24937<br>2) 19272 | 1) വേപ്പിൻ പിണ്ണാക്ക് (1995 Kg)<br>2) ജൈവ കീടനാശിനി 18:18:18 (1606 Kg) (ഇവ തച്ചമ്പാറ, പോറ്റശ്ശേരി എന്നീ സർവ്വീസ് സഹകരണ ബാങ്ക് വളം ഡിപ്പോകളിൽ നിന്നും വാങ്ങിയതാണ്.) | വേപ്പിൻ പിണ്ണാക്ക്, ജൈവ കീടനാശിനി എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് ഓരോ വാർഡിലേയും കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. |
| 6 | 255, ഫല വൃക്ഷതൈ വിതരണം - വനിത | 398392/ 21.03.2022 | 250000 | അഞ്ച് ഫല വൃക്ഷതൈകൾ അടങ്ങിയ ഒരു യൂണിറ്റ് (250 Nos) | വിതരണ രജിസ്റ്ററിൽ ചേർത്ത് ഓരോ വാർഡിലേയും കൺവീനർമാർക്ക് കൈമാറിയിട്ടുണ്ട്. |
| ആകെ ചെലവ് | | | 1772181 | | |

മേൽ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികയിലെ ക്രമ നം. 1, 2, 4 പ്രകാരം വാങ്ങിയിട്ടുള്ള പൊൻമണി വിത്ത്, പച്ചിലവള വിത്ത്, പച്ചക്കറി വിത്ത്, തൈകൾ എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി കാണുന്നില്ല.

2. വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങൾ വിതരണ രജിസ്റ്ററിൽ ചേർത്ത് തച്ചമ്പാറ പാടശേഖര സമിതി, വാർഡ് കൺവീനർമാർ എന്നിവർക്ക് വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ആയത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക്/ ഗുണഭോക്താകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 യിലെ ഖണ്ഡിക 6.1(4) പ്രകാരം നെല്ല്, പച്ചില വളം, വിത്തുകൾ, തൈകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നിവിടങ്ങളിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില

നൽകുന്നതിനും അവയുടെ വിതരണം കൃഷിഭവൻ/ഇക്കോഷോപ്പുകൾ മുഖേന നടത്തുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പട്ടികയിലെ ക്രമ നം. 1, 2, 4, 6 എന്നിവ പ്രകാരമുള്ള പൊൻമണി വിത്ത്, പച്ചിലവള വിത്ത്, പച്ചക്കറി വിത്ത്, പച്ചക്കറി തൈകൾ, ഫല വൃക്ഷതൈകൾ എന്നിവ മാർഗ്ഗരേഖ പ്രകാരം പറഞ്ഞിട്ടുള്ള മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതെ ആത്മ അഗ്രോ സർവ്വീസ് സെന്റർ, തച്ചമ്പാറയിൽ നിന്നും വാങ്ങിയതായി കാണുന്നു. മാത്രമല്ല വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

4. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം.11/2018/ തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/20.09.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം വിത്തുകൾ, തൈകൾ, ജൈവ വളങ്ങൾ എന്നിവ കർഷകർക്ക്/ഗുണഭോക്താകൾക്ക് നേരിട്ട് കൃഷിഭവൻ/ഇക്കോഷോപ്പുകൾ മുഖേന വിതരണം നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ പട്ടിക പ്രകാരം വാങ്ങിയ സാധനങ്ങൾ വിതരണ രജിസ്റ്ററിൽ ചേർത്ത് തച്ചമ്പാറ പാടശേഖര സമിതി, വാർഡ് കൺവീനർമാർ എന്നിവർക്ക് വിതരണം ചെയ്തതായാണ് കാണുന്നത്. മാത്രമല്ല പട്ടികയിലെ ക്രമ നം. 1, 2, 4 പ്രകാരം വാങ്ങിയിട്ടുള്ള പൊൻമണി വിത്ത്, പച്ചിലവള വിത്ത്, പച്ചക്കറി വിത്ത്, തൈകൾ എന്നിവ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായും കാണുന്നില്ല. ഇതുമൂലം യഥാർത്ഥത്തിൽ വാങ്ങിയ സാധനങ്ങൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക്/ഗുണഭോക്താകൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പട്ടിക പ്രകാരം വാങ്ങിയ സാധനങ്ങൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക്/ഗുണഭോക്താകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിലുള്ള 1772181/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. വിത്തുകൾ/തൈകൾ എന്നിവ വാങ്ങുമ്പോൾ സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

3. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-22 അങ്കണവാടി പോഷകാഹാരം - ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 134, അങ്കണവാടി പോഷകാഹാരം (ജനറൽ - സ്പിൽ ഓവർ) |
| അടങ്കൽ | 234412/- രൂപ (വികസന ഫണ്ട് - 890/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 233522/- രൂപ) |
| ചെലവ് | 175879/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം അങ്കണവാടി പോഷകാഹാരത്തിനായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 175879/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുകളുടെ സാംഖ്യാ ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. മാത്രമല്ല ഐ

സി ഡി എസ് സൂപ്പർവൈസറുടെ 2021-22 ലെ കാഷ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത തുക രേഖപ്പെടുത്തിയതായും കാണുന്നില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി ഓഡിറ്റ് എൻക്വയറി (നം. 05/24.09.2022) നൽകിയെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

ചെലവുകളുടെ ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിലുള്ള 175879/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-23 അങ്കണവാടി പോഷകാഹാരം - മണ്ണാർക്കാട് നഗരസഭയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രീമിക്സിന്റെ തുക പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും മാറി നൽകി**

| | |
|---|---|
| പ്രോജക്ട് നം., പേര് | 7, അങ്കണവാടി പോഷകാഹാരം (എസ്.സി.പി) |
| അടങ്കൽ | 950000/- രൂപ (വികസന ഫണ്ട് - 750000/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 200000/- രൂപ) |
| ചെലവ് | 750000/- രൂപ (വികസന ഫണ്ട്)<br>1. ബിൽ നം. 06/21-22/23.12.2021 – 400000 രൂപ<br>2. ബിൽ നം. 11/21-22/26.03.2022 – 350000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

അങ്കണവാടി വഴി കുട്ടികൾക്കുള്ള അമൃതം ന്യൂട്രീമിക്സ്, ഭക്ഷ്യധാന്യങ്ങൾ, കൗമാരക്കാർക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള സബലാ കിറ്റും വിതരണം ചെയ്ത വകയിൽ അമൃതം ഫുഡ്, തച്ചമ്പാറ (GSTIN - 32AAXFA6272H3Z4) എന്ന സ്ഥാപനത്തിന് തുകകൾ മാറി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) 2021 ഒക്ടോബർ മാസത്തിൽ തച്ചമ്പാറ പഞ്ചായത്ത് പരിധിയിലുള്ള 21 അങ്കണവാടികൾ മുഖേന 1201.5 കിലോഗ്രാം അമൃതം ന്യൂട്രീമിക്സ് വിതരണം ചെയ്തതിനുള്ള തുക (ഇൻവോയ്സ് നം. 102/21.10.2021, തുക – 88310/- രൂപ) വികസന ഫണ്ടിൽ നിന്നും ബിൽ നം. 06/21-22/23.12.2021 (ആകെ ബിൽ തുക – 400000 രൂപ) പ്രകാരം മാറി നൽകിയിട്ടുണ്ട്. ഇതിന്റെ കൂടെ 2021 ഒക്ടോബർ മാസത്തിൽ മണ്ണാർക്കാട് നഗരസഭയിലെ 29 അങ്കണവാടികൾക്ക് വിതരണം ചെയ്ത 1896.75 കിലോഗ്രാം അമൃതം ന്യൂട്രീമിക്സിന്റെ തുകയായ 139410/- രൂപ കൂടി (ഇൻവോയ്സ് നം. 102/21.10.2021) വികസന ഫണ്ടിൽ നിന്നും ബിൽ നം. 06/21-22/ 23.12.2021 പ്രകാരം അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം. 32931317446, എസ് ബി ഐ) മാറി നൽകിയതായി കാണുന്നു.

ബി) 2021 ഒക്ടോബർ മാസത്തിൽ തച്ചമ്പാറ പഞ്ചായത്ത് പരിധിയിലുള്ള 21 അങ്കണവാടികൾ മുഖേന കൗമാരകാർക്കുള്ള 325 സബലാ കിറ്റും (ഇൻവോയ്സ് നം. 356/25.10.2021, തുക – 34125/- രൂപ) മുലയൂട്ടുന്ന അമ്മമാർ/ഗർഭിണികൾക്കുള്ള 233 സബലാ കിറ്റും (ഇൻവോയ്സ് നം. 357/25.10.2021, തുക – 25397/- രൂപ) വിതരണം ചെയ്തതിനുള്ള തുക വികസന ഫണ്ടിൽ നിന്നും ബിൽ നം. 06/21-22/23.12.2021 പ്രകാരം അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം. 32931317446, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്. ഇതിൽ ഇന്റന്റ് പ്രകാരം കുന്നത്ത്കാവ് അങ്കണവാടിക്ക് (സെന്റർ നം. 33) കൗമാരക്കാർക്കുള്ള 22 സബലാ കിറ്റും മുലയൂട്ടുന്ന അമ്മമാർ/ഗർഭിണികൾക്കുള്ള 17 സബലാ കിറ്റുമാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ വിതരണ സ്റ്റേറ്റ്മെന്റ്, കുന്നത്ത്കാവ് അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കൗമാരക്കാർക്കുള്ള 11 സബലാ കിറ്റും മുലയൂട്ടുന്ന അമ്മമാർ/ ഗർഭിണികൾക്കുള്ള 10 സബലാ കിറ്റുകളും മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇപ്രകാരം വിതരണം ചെയ്യാത്ത, കൗമാരക്കാർക്കുള്ള 11 സബലാ കിറ്റിന്റെയും മുലയൂട്ടുന്ന അമ്മമാർ/ ഗർഭിണികൾക്കുള്ള 8 സബലാ കിറ്റിന്റെയും തുക മാറി നൽകിയിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/24.09.2022) നിർവഹണോദ്യോഗസ്ഥ

നൽകിയ മറുപടി താഴെ ചേർക്കുന്നു.

1. തച്ചമ്പാറ ഗ്രാമപഞ്ചായത്തിലേയും മണ്ണാർക്കാട് നഗരസഭയിലേയും ഇംപ്ലിമെന്റിംഗ് ഓഫീസർ ഒരാളായതിനാൽ സംഭവിച്ച തെറ്റാണെന്നും തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും മാറി നൽകിയ മണ്ണാർക്കാട് നഗരസഭയിലെ 29 അങ്കണവാടികൾക്ക് വിതരണം ചെയ്ത 1896.75 കിലോഗ്രാം അമൃതം ന്യൂട്രീമിക്സിന്റെ തുകയായ 139410/- രൂപ (ഇൻവോയ്സ് നം. 102/21.10.2021) അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിന് അടുത്ത് കൊടുക്കുവാനുള്ള ബിൽ തുകയിൽ നിന്നും കുറവ് വരുത്തി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. 2021 ഒക്ടോബർ മാസത്തിലെ ഇന്റന്റ് പകാരമുള്ള സബല കിറ്റുകളുടെ തുകയാണ് ഇൻവോയ്സുകൾ പ്രകാരം നൽകിയതെന്നും സ്റ്റോക്ക് പരിശോധിച്ചപ്പോളാണ് കുറവായി വിതരണം നടത്തിയത് മനസിലായതെന്നും അധികമായി നൽകിയ 2027 രൂപ അടുത്ത ബില്ലിൽ തിരികെ പിടിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. മണ്ണാർക്കാട് നഗരസഭയിലെ 29 അങ്കണവാടികൾക്ക് വിതരണം ചെയ്ത 1896.75 കിലോഗ്രാം അമൃതം ന്യൂട്രീമിക്സിന്റെ തുകയായ 139410/- രൂപ (ഇൻവോയ്സ് നം. 102/21.10.2021) തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും മാറി നൽകിയത് ക്രമപ്രകാരമല്ല. ഇൻവോയ്സ് നം. 102/21.10.2021 പ്രകാരം നൽകിയ 139410/- രൂപ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഈ ഇനത്തിലുള്ള 139410/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. 2021 ഒക്ടോബർ മാസത്തിൽ കുറവായി വിതരണം ചെയ്ത കൗമാരകാർക്കുള്ള 11 സബലാ കിറ്റിന്റെയും മുലയൂട്ടുന്ന അമ്മമാർ/ഗർഭിണികൾക്കുള്ള 8 സബലാ കിറ്റിന്റെയും വിലയായ 2027/- രൂപ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഈ ഇനത്തിലുള്ള 2027/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-24 അങ്കണവാടി പോഷകാഹാരം - അധിക തുക അനുവദിച്ചു</u>

| | |
|---|---|
| പ്രോജക്ട് നം., പേര് | 6, അങ്കണവാടി പോഷകാഹാരം (ജനറൽ) |
| അടങ്കൽ | 2150000/- രൂപ (വികസന ഫണ്ട് - 1500000/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 650000/- രൂപ) |
| ചെലവ് | 2150000/- രൂപ (വികസന ഫണ്ട് - 1500000/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 650000/- രൂപ)<br>1. ബിൽ നം. 01/21-22/15.09.2021 – 832364 രൂപ<br>2. ബിൽ നം. 02/21-22/24.09.2021 – 304717 രൂപ<br>3. ബിൽ നം. 05/21-22/23.12.2021 – 239525 രൂപ<br>4. ബിൽ നം. 09/21-22/22.02.2022 – 123394 രൂപ |

| | |
|---|---|
| | 5. റികിസിഷൻ നം. 1210014/21-22/16.02.2022 – 223651 രൂപ<br>6. റികിസിഷൻ നം. 1210016/21-22/07.03.2022 – 276267 രൂപ<br>7. റികിസിഷൻ നം. 1210021/21-22/24.03.2022 – 150082 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

അങ്കണവാടി വഴി കുട്ടികൾക്കുള്ള അമൃതം ന്യൂട്രീമിക്സ്, ഭക്ഷ്യധാന്യങ്ങൾ, കൗമാരക്കാർക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള സബലാ കിറ്റും വിതരണം ചെയ്ത വകയിൽ അമൃതം ഫുഡ്, തച്ചമ്പാറ (GSTIN-32AAXFA6272H3Z4) എന്ന സ്ഥാപനത്തിന് തുകകൾ മാറി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) 2021 ഡിസംബർ മാസത്തിൽ അങ്കണവാടികൾക്ക്(ഇൻവോയ്സ് നം. 380/18.12.2021 തുക – 31185/- രൂപ) മുഖേന സബലാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും 28601/- രൂപയും, (ബിൽ നം. 09/21-22/22.02.2022) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 31185/- രൂപയും(റികിസിഷൻ നം. 1210014/21-22/16.02.2022) അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം. 32931317446, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്.

ബി) 2021 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ അങ്കണവാടി വഴി കുട്ടികൾക്കുള്ള അമൃതം ന്യൂട്രീമിക്സ്, കൗമാരക്കാർക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള സബലാ കിറ്റും വിതരണം ചെയ്ത വകയിൽ അമൃതം ഫുഡ്, തച്ചമ്പാറ (GSTIN - 32AAXFA6272H3Z4) എന്ന സ്ഥാപനത്തിന് 304717/- രൂപ മാറി നൽകിയിട്ടുണ്ട് (ബിൽ നം. 02/21-22/24.09.2021). ബില്ലിന്റെ കൂടെ ചേർത്തിട്ടുള്ള ഇൻവോയ്സുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക (രൂപയിൽ) |
|---|---|
| 77/17.07.2021 | 88310 |
| 315/17.07.2021 | 2403 |
| 321/30.07.2021 | 33962 |
| 322/30.07.2021 | 24348 |
| 170/05.07.2021 | 4288 |
| 85/13.08.2021 | 88311 |
| 327/13.08.2021 | 2403 |
| 332/27.08.2021 | 34125 |
| 333/27.08.2021 | 24465 |
| ആകെ തുക | 302615 |

ബിൽ നം. 02/21-22/24.09.2021 പ്രകാരം 2102/- രൂപയുടെ (304717-302615) ഇൻവോയ്സ്/ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

സി) പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം.11/2018/ തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/24.09.2022) ഇൻവോയ്സ് നം. 380/18.12.2021 പ്രകാരം അധികമായി നൽകിയ 28601/- രൂപ അടുത്ത ബില്ലിൽ ക്രമീകരിച്ച് നൽകുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഒരേ ഇൻവോയ്സ് പകാരമുള്ള തുക വികസന ഫണ്ടിൽ നിന്നും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും മാറി നൽകിയത് ക്രമ പ്രകാരമല്ല. ഇൻവോയ്സ് നം. 380/18.12.2021 പ്രകാരം അധികമായി നൽകിയ 28601/- രൂപ അടുത്ത ബില്ലിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ അധികമായി നൽകിയ

28601/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. ബിൽ നം. 02/21-22/24.09.2021 പ്രകാരം രേഖകളുടെ അഭാവത്തിൽ നൽകിയ 2102/- രൂപയുടെ ഇൻവോയ്സ്/ചെലവ് രേഖകൾ പരിശോധനയ്ക്ക് നൽകുന്നതുവരെ 2102/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു**

അങ്കണവാടി പോഷകാഹാരം പദ്ധതികൾ പ്രകാരം അമൃതം ന്യൂട്രിമിക്സ് അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം., പേര് | ബിൽ നം./ തീയതി | ഇൻവോയ്സ് നം./തീയതി | തുക (രൂപയിൽ) |
|---|---|---|---|
| 6, അങ്കണവാടി പോഷകാഹാരം (ജനറൽ) | 02/21-22/15.09.2021 | 51/12.04.2021 | 69458 |
| | | 62/19.05.2021 | 69423 |
| | 03/21-22/24.09.2021 | 77/17.07.2021 | 88310 |
| | | 85/13.08.2021 | 88311 |
| | 09/21-22/22.02.2022 | 115/16.12.2021 | 68465 |
| | 1210014/16.02.2022 | 121/05.01.2022 | 74418 |
| | | 109/16.11.2021 | 88310 |
| | 1210016/07.03.2022 | 129/07.02.2022 | 72949 |
| | | 136/03.03.2022 | 76164 |
| 7, അങ്കണവാടി പോഷകാഹാരം (എസ്.സി.പി) | 06/21-22/23.12.2021 | 92/17.09.2021 | 88311 |
| | | 102/21.10.2021 | 88310 |
| | | 99/12.10.2021 | 139410 |
| ആകെ | | | 1011839 |

അക്കൗണ്ട് നമ്പർ - 32931317446, എസ് ബി ഐ

GST IN - 32AAXFA6272H3Z4

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/ 2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/ പ്രവൃത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/24.09.2022) അമൃതം ന്യൂട്രിമിക്സ് തച്ചമ്പാറ യൂണിറ്റ്

ജി എസ് ടി അടച്ച ബില്ലുകൾ നൽകിയതിനാലാണ് ജി എസ് ടി - ടി ഡി എസ് പിടിക്കാതിരുന്നതെന്നും ഇനിയുള്ള ബില്ലുകൾ മാറുമ്പോൾ തരുന്നതിനാലാണ് ജി എസ് ടി - ടി ഡി എസ് ചെയ്യാമെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-26 എം സി എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 183, എം സി എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ | 600000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 180000/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 420000/- രൂപ) |
| ചെലവ് | 556500/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 166950/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 389550/- രൂപ) |
| ബിൽ നം./ തീയതി | 1. ബിൽ നം. 08/21-22/10.03.2022 – 166950/- രൂപ<br>2. റിക്വിസിഷൻ നം. 1210009/02.03.2022 – 389550/- രൂപ |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം എം സി എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (നം. 33622776812, എസ് ബി ഐ) 556500/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. 29/21.02.2022) മാറി നൽകിയിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായുള്ള എഗ്രിമെന്റ് (നം. 16/21-22/21.02.2022) പ്രകാരം 90 ദിവസത്തിനുള്ളിൽ മെഷീൻ സ്ഥാപിച്ച് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ എം സി എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/22.09.2022) കമ്പനി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള ഭൗതിക സാഹചര്യങ്ങൾ, വൈദ്യുതി കണക്ഷൻ എന്നിവ എം സി എഫിൽ ലഭ്യമല്ലാത്തതിനാലാണ് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കാതിരുന്നതെന്നും 2022-23 വർഷത്തിൽ എം സി എഫ് വിപുലീകരണ പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

എഗ്രിമെന്റ് പ്രകാരം ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള ഭൗതിക സാഹചര്യങ്ങൾ, വൈദ്യുതി കണക്ഷൻ എന്നിവ എം സി എഫിൽ ലഭ്യമാക്കി ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ച് ആയതിന്റെ വിവരം ഇൻസ്റ്റലേഷൻ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-27 എസ് സി കോളനികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 150, തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലെ എസ് സി കോളനികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ |
| അടങ്കൽ | 390000/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 390000/- രൂപ |
| ബിൽ നം./ തീയതി | 02/21-22/06.11.2021 |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലെ എസ് സി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടി കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, ഷൊർണ്ണൂരിന്റെ 13.10.2021 ലെ 505/D1/2021/ PHD-SHRUR-PKD കത്ത് നമ്പറിന്റെ അടിസ്ഥാനത്തിൽ 390000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (നം. 67150213827, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ആയത് പരിശോധനയ്ക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/22.09.2022) പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് (നം. എ2-3719/21യ 12.11.2021) നൽകിയിട്ടുണ്ടെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം അടങ്ങിയ മോണിറ്ററിംഗ് റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. മേൽ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ 390000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബി-18 ലെ 460500201 എന്ന ശീർഷകത്തിൽ കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റായി 200000 രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് തുകകൾ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-28 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്**

വിവിധ ലൈഫ് ഭവന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/27.09.2022) നൽകിയ മറുപടി പട്ടികയിലെ റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി | പദ്ധതിയുടെ വിവരം (നം., പേര്) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഫാത്തിമ, വട്ടപ്പറമ്പിൽ, മുരിങ്ങേനി | 200000 | 200000 | 02.11.2019 | 01/20, ലൈഫ് മിഷൻ (ജനറൽ) | ഗുണഭോക്താവിന്റെ ബേസ്മെന്റ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വീട് പണി ഉടൻ തുടങ്ങുമെന്നും |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മറുപടി നൽകിയിട്ടുണ്ട്. |
| 2 | ഷൈനി ജോയ്, എടാട്ട്, ചിനിക്കപ്പാറ | 40000 | 360000 | 18.07.2018 | 01/19, ലൈഫ് മിഷൻ (ജനറൽ) | ഗുണഭോക്താവ് നാളിതുവരെ പണികളൊന്നും ചെയ്യാത്തതിനാൽ നോട്ടീസ് അയച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. |
| 3 | ജമീല അബ്ദുൾ റസാക്ക്, കോല്ലോത്തും പടി, തച്ചമ്പാറ | 40000 | 360000 | 21.08.2018 | 01/19, ലൈഫ് മിഷൻ (ജനറൽ) | ഗുണഭോക്താവ് നാളിതുവരെ പണികളൊന്നും ചെയ്യാത്തതിനാൽ നോട്ടീസ് അയച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. |
| 4 | ബദറുന്നീസ ഹസ്സൻ, കോല്ലോത്തും പടി, തച്ചമ്പാറ | 40000 | 360000 | 18.07.2018 | 01/19, ലൈഫ് മിഷൻ (ജനറൽ) | ഗുണഭോക്താവ് നാളിതുവരെ പണികളൊന്നും ചെയ്യാത്തതിനാൽ നോട്ടീസ് അയച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. |

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 4 ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് | ബി ആർ നം./ തീയതി, തുക | റിമാർക്സ് |
|---|---|---|---|---|
| 69, പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 350000 (വികസന ഫണ്ട്) | 350000 | 1) 341483/ 13.08.2021, 160160<br>2) 503539/ 11.10.2021, 189840 | 5 ഗുണഭോക്താക്കൾക്കുള്ള പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറി. |
| 203, പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 1465000 (വികസന ഫണ്ട്) | 1465000 | 1054147/ 03.02.2022, 1465000 | 24 ഗുണഭോക്താക്കൾക്കുള്ള പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറി. |

മേൽ പദ്ധതികൾ പ്രകാരം പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ

അക്കൗണ്ടിലേക്ക് (നം. 799011400001642) മാറി നൽകിയിട്ടുണ്ട്. എന്നാൽ പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/27.09.2022) ധനവിനിയോഗ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മേൽ പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 29 ഗുണഭോക്താക്കൾക്കുള്ള പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വീട് വാസയോഗ്യമാക്കൽ (എസ് സി) - സബ്സിഡി-ധനസഹായ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 72, വീട് വാസയോഗ്യമാക്കൽ (എസ് സി) |
| അടങ്കൽ | 737500/- രൂപ (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 737500/- രൂപ |
| ബി ആർ നം./ തീയതി, തുക | 1) 503538/11.10.2021, 37500/- രൂപ<br>2) 1071087/07.02.2022, 175000/- രൂപ<br>3) 229991/02.03.2022, 75000/- രൂപ<br>4) 525918/30.03.2022, 450000/- രൂപ |
| നിർവഹണം | വി ഇ ഓ |

മേൽ പദ്ധതി പ്രകാരം 15 എസ് സി ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കലിനായി 50000/- രൂപ വീതം നൽകിയിട്ടുണ്ട്. പദ്ധതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സബ്സിഡി-ധനസഹായ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 യിലെ ഖണ്ഡിക 6.7(6) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള എസ്റ്റിമേറ്റ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ബി) പല ഗുണഭോക്താക്കളും കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ലഭ്യമല്ലാത്ത സർട്ടിഫിക്കറ്റുകളുടെ വിവരം |
|---|---|---|
| 1 | വേശ, തുരുത്തുമ്മൽ | 1) കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>2) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 2 | തങ്ക, ചേനമ്പാറ | എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| 3 | വള്ളി, താളിക്കുഴി | 1) കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| | | 2) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം |
| 4 | സബിത, കല്ലടി | എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| 5 | ലക്ഷ്മിക്കുട്ടി, കാഞ്ഞിക്കുളം | എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| 6 | തങ്കം, മുരിങ്ങേനി | 1) കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>2) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| 7 | അമ്മാളു, മമ്പോക്കിൽ | എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| 8 | വിജയമ്മ ചിന്നൻ, കുന്നത്ത് | 1) കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>2) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 9 | കുഞ്ചേക്കി, ആക്കംചോല | 1) കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>2) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |
| 10 | രാജേഷ് കെ, | 1) കെട്ടിടത്തിന്റെ |

| | | |
|---|---|---|
| | കണ്ണോട്ടിൽ | ഓണർഷിപ്പ് സർട്ടിഫിക്കറ്റ്<br>2) കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം |

മേൽ രേഖകൾ പരിശോധനയ്ക്ക് നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/27.09.2022) പട്ടികയിലെ ക്രമ നം. 1, 2, 6, 8, 9 എന്നീ ഗുണഭോക്താക്കളുടെ കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയും എസ് സി ഡി ഓയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പട്ടികയിലെ ക്രമ നം. 10 പ്രകാരമുള്ള രാജേഷ് കെ, കണ്ണോട്ടിൽ എന്ന ഗുണഭോക്താവിന്റെ കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുവാനായി എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ എസ്റ്റിമേറ്റ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പി എച്ച് സിക്ക് കമ്പ്യൂട്ടർ വാങ്ങൽ - കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 38, പി എച്ച് സിക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | 100000/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 31280/- രൂപ |
| ബിൽ നം./ തീയതി, തുക | 16/21-22/15.03.2022, 31280/- രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

മേൽ പദ്ധതി പ്രകാരം പി എച്ച് സിയിലേക്ക് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് (നം. TVM/ITBG/PI/RC/35602/20-21/23.02.2022) പ്രകാരം കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് (നം. 799011400003959) 31280/- രൂപ മാറി നൽകിയിട്ടുണ്ട്.

ഇൻവോയ്സ് പകാരമുള്ള കമ്പ്യൂട്ടർ (Desktop – Intel Processor – Medium End Windows 10 Home) ലഭ്യമാക്കുന്നതിനായി സപ്ലൈഓർഡർ (നം. 55/22, തീയതി - 18.04.2022) നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ

നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/26.09.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഇൻവോയ്സ് പ്രകാരമുള്ള കമ്പ്യൂട്ടർ (Desktop – Intel Processor – Medium End Windows 10 Home) ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 എ ബി സി പ്രൊജക്ട് - പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം., പേര് | 52, എ ബി സി പ്രൊജക്ട് |
| അടങ്കൽ | 100000/- രൂപ (വികസന ഫണ്ട്) |
| ചെലവ് | 100000/- രൂപ |
| ബിൽ നം./തീയതി | 01/21-22/29.10.2021 |
| നിർവഹണം | വെറ്റിനറി സർജൻ |

പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കൾക്ക് കുത്തിവെപ്പും വന്ധ്യംകരണവും നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ടിന് വിഹിതം നൽകലാണ് പദ്ധതി ലക്ഷ്യം.

പാലക്കാട് ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സംയുക്തമായി 2015-16 വർഷം മുതൽ ജില്ലയിൽ എ ബി സി പ്രോഗ്രാം നടപ്പാക്കി വരുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന എ.ബി.സി പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

.തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുക.

.പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക.

.ജന്തുജന്യരോഗം നിയന്ത്രണവിധേയമാക്കുക.

.ജനങ്ങൾക്ക് സ്വൈര്യ സഞ്ചാരം സാധ്യമാക്കുക.

.റോഡ് അപകടങ്ങൾ കുറയ്ക്കുക.

.ഓരോ യൂണിറ്റും പ്രതിമാസം കുറഞ്ഞത് 200 ശസ്ത്രക്രിയ നടത്തണം.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നായ്ക്കളെ കണ്ടെത്തി പിടിക്കുക, വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുക, പരിപാലന കാലയളവിനുശേഷം തിരികെ അതാത് സ്ഥലങ്ങളിൽ കൊണ്ടു വിടുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും വിവിധ കേന്ദ്രങ്ങളിൽ നടന്നു വരുന്നത്. തൻവർഷം എ.ബി.സി പ്രോഗ്രാമിനായി 100000 രൂപ പഞ്ചായത്ത് വിഹിതമായി ജില്ലാ പഞ്ചായത്തിലേക്ക് (അക്കൗണ്ട് നം. 799011400002200) കൈമാറിയിട്ടുണ്ട്. കൈമാറിയ വിഹിതം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് നടന്നിട്ടുണ്ടോ എന്നതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് അന്വേഷണം നം. 25/28.09.2022 പ്രകാരം ആവശ്യപ്പെട്ടതിന് ജില്ലാപഞ്ചായത്തിന് വിവരങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തുക മുഴുവനായും വിനിയോഗിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3. വിനിയോഗിക്കാത്തപക്ഷം തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 മുട്ടക്കോഴി വിതരണം (വനിത – എസ് സി പി) - ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 75, മുട്ടക്കോഴി വിതരണം (വനിത –എസ് സി പി) |
| അടങ്കൽ | 72000/- രൂപ (വികസന ഫണ്ട് - എസ് സി പി 54000 രൂപ, ഗുണഭോക്തൃ വിഹിതം 18000/- രൂപ) |
| ചെലവ് | 72000/- രൂപ |
| ബിൽ നം./ തീയതി | 05/21-22/01.01.2022 & 17/21-22/19.03.2022 |
| നിർവഹണം | വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം 46 ദിവസം പ്രായമായ 10 മുട്ടക്കോഴികളെ വീതം 60 എസ് സി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള ബെന്നി അഗസ്റ്റിൻ, ഇടക്കാട് എന്നവരുടെ ഉടമസ്ഥതയിലുള്ള എഗ്ഗർ നേഴ്സറിയിൽ നിന്നുമാണ് മുട്ടകോഴികളെ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.

പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ പലരും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തവിന്റെ പേര് |
|---|---|
| 1 | സൗമ്യ, തൈത്തോപ്പിൽ |
| 2 | സബിത, കണ്ണോട്ടിൽ |
| 3 | രാധ വാസു, വേങ്ങശ്ശേരി |
| 4 | സുന്ദരി, കറിയംപുഴ |
| 5 | അജിത, വെട്ടിക്കല്ലടി |
| 6 | സുമ, പൊന്തിയേൽ |
| 7 | കല്യാണിക്കുട്ടി, പരിയക്കാട് |
| 8 | ലത കെ, കൂട്ടമ്പട്ട |
| 9 | ശ്യാമിലി, വാര്യംമഠം |

പദ്ധതി പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കളിൽ നിന്നും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28.09.2022) മറുപടി നൽകിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

എസ് സി പി ഫണ്ട് ഉപയോഗിച്ച് പദ്ധതി നടത്തുമ്പോൾ ഗുണഭോക്താക്കൾ എസ് സി വിഭാഗത്തിൽപെടുന്നവരാണെന്നുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-34 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം-20/27.09.22) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ആസ്തി രജിസ്റ്റർ 2017 വരെ മാത്രമാണ് കാലികമാക്കിയിട്ടുള്ളത്.

ജി.പി.എസ് സംവിധാനം ഉപയോഗിച്ച് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളും ആസ്തികളും മാപ്പ് ചെയ്യുന്നതിനും ആയതിന്റെ കണക്ടിവിറ്റി മുഴുവൻ രേഖപ്പെടുത്തുന്നതിനായി നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി 2021-22 വാർഷിക

പദ്ധതിയിൽ ഉൾപ്പെടുത്തി 45000/-രൂപ വകയിരുത്തിയിട്ടുള്ളതാണ്. 15 വാർഡുകളുള്ളതിൽ 8 വാർഡുകളിലെ വിവരങ്ങൾ Track ചെയ്തിട്ടുള്ളതാണ്. ബാക്കി വാർഡുകളിലെ Tracking നടന്നുവരുന്നു.

പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

2. റോഡ്, നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല.

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ റോഡ്, നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ആയതിലെ മുൻഗണനാ ക്രമത്തിൽ റോഡ്, നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടതാണ്.

**1-35 ടാറിംഗ് പ്രവൃത്തികൾ - ബില്ലുകളിൽ നിന്നും കുറവു ചെയ്ത ടാർ ബാരലുകളുടെ ജി.എസ്.ടി അടവാക്കേണ്ടതാണ്**

തൻവർഷം പൂർത്തീകരിച്ച ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവു ചെയ്ത ടാർ ബാരലുകളുടെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ആകെ 44398/- രൂപ അസി.എഞ്ചിനിയർ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ചതിൽ ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ ഓരോ ബാരലിനും ഈടാക്കിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി പ്രത്യേകമായി കണക്കാക്കാതെയാണ് തുക തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുള്ളത്.

സാമ്പത്തിക വർഷം ടാർ ബാരലുകളുടെ വിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു കൈമാറിയ തുക, ആയതിന്റെ ജി.എസ്.ടി എന്നീ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/27.09.22) നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രവൃത്തി | ടാർ ബാരലിന്റെ വില | ജി.എസ്.ടി |
|---|---|---|---|---|
| 1 | 112 | മൂന്നാംതോട് ചീനിക്കപ്പാറ | 2856 | 516 |
| 2 | 109 | തച്ചമ്പാറ പൂത്തൻകുളം | 4284 | 774 |
| 3 | 111 | വാക്കോടൻ ട്രാൻസ്ഫോർമർ മുതുകുർശ്ശി റോഡ് | 3570 | 645 |
| 4 | 110 | അക്കംചോല പൊന്നംകോട് കനാൽ റോഡ് | 2142 | 387 |
| 5 | 114 | തെക്കുംപുറം ഉഴുന്നുപറമ്പ് കനാൽ റോഡ് | 4760 | 860 |
| 6 | 113 | പാറ കമ്പിപ്പാലം റോഡ് | 4760 | 860 |
| 7 | 160 | തച്ചമ്പാറ അലങ്കാർ തീയേറ്റർ റോഡ് | 1666 | 301 |

| | | | | |
|---|---|---|---|---|
| 8 | 161 | തെക്കുംപുറം ഉഴുന്നുപറമ്പ് റോഡ് | 1904 | 344 |
| 9 | 154 | കോഴിയോട് മമ്പോക്ക് റോഡ് | 1666 | 301 |
| 10 | 157 | നിരവ് കരിമല റോഡ് | 1190 | 215 |
| 11 | 155 | നിരവ് കയ്യുണ്ട റോഡ് | 2142 | 387 |
| 12 | 159 | മൂന്നാംതോട് ചീനിക്കപ്പാറ റോഡ് റീടാറിങ്ങ് | 2380 | 430 |
| 13 | 156 | പാലക്കയം പായപ്പുല്ല് റോഡ് | 2380 | 430 |
| 14 | 152 | നെല്ലിക്കുന്ന് റോഡ് | 1904 | 344 |
| | | ആകെ | 37604 | 6794 |

തനത് ഫണ്ടിൽ അവശേഷിക്കുന്ന ജി.എസ്.ടി തുക 6794/-രൂപ അടിയന്തിരമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-36 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - അവശ്യ അനുമതിപത്രങ്ങൾ അതാത് കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്**

ഫയൽ നമ്പർ - LSGD/AE TPA/Costford/2013-14

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. | പ്രൊജക്ട് | അടങ്കൽ | തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| 130/22 | ശ്മശാന നിർമ്മാണം പൂർത്തീകരണം | 683870 - സംസ്ഥാനാവിഷ്കൃതം | 605650 | 18/21.01.22 |

2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് 41 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. (വികസന ഫണ്ട്, സംസ്ഥാനാവിഷ്കൃതം, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉൾപ്പെടെ). കോസ്റ്റ് ഫോർഡ്, തൃശൂരുമായി 998/2013-14/20.02.2014 നമ്പർ കരാർ മുഖേന നിർവ്വഹണം നടത്തിയ ടി പ്രവൃത്തി 2021-22 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 39,92,832/-രൂപ കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്.

മേൽ പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ/രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം (നം. 22/27.09.22) പ്രകാരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല.

1. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം

2. ആരോഗ്യ വകുപ്പിൽ നിന്നുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്

3. ഹൈടെക്ക് ക്രിമറ്റോറിയം, പത്തനംതിട്ട എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം (നം. WF18/27.01.2015) LPG Furnace ന്റെ ചെലവ് 1700000/- രൂപയാണ്. Furnace ന്റെ വാറണ്ടി വിവരങ്ങൾ ഫയലിൽ ഇല്ല.

ക്രിമറ്റോറിയം നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഹൈടെക്ക് ക്രിമറ്റോറിയം, എറണാകുളം 180000/- രൂപയ്ക്ക് AMC Proposal 19.04.21 ന് സമർപ്പിച്ചതായി കാണുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, ആരോഗ്യ വകുപ്പിൽ നിന്നുള്ള

ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, Furnace ന്റെ വാറണ്ടി സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാറണ്ടി കാലയളവിനുശേഷം മാത്രം AMC തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-37 ടേയ്ക്ക് എ ബ്രേക്ക് പദ്ധതി - സ്ഥല ലഭ്യത ഉറപ്പാക്കാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു**

പ്രൊജക്ട് നമ്പർ - 188/22- ടേയ്ക്ക് എ ബ്രേക്ക് പദ്ധതി, തച്ചമ്പാറ

അടങ്കൽ - 694470 (വികസന ഫണ്ട്)

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മേൽ പദ്ധതി നടപ്പാക്കാതിരുന്ന സാഹചര്യം നിർവ്വഹണോദ്യോഗസ്ഥ താഴെ പറയും പ്രകാരമാണ് വിശദീകരിച്ചിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നം. 24/27.09.22)

മേൽ പദ്ധതി നടത്തുന്നതിനായി ആകെ 37 സ്ക്വയർ മീറ്റർ സ്ഥലം മാത്രമാണ് ലഭ്യമായിരുന്നത്. കൂടാതെ പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് കിണർ നിൽക്കുന്നതിനാലും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചു കൊണ്ട് സാനിട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയാത്തതിനാലും പ്രസ്തുത പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു. പുതിയതായി സ്ഥലം ലഭിച്ചതിനെ തുടർന്ന് പുതിയ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട്.

കൃത്യമായ സാധ്യതാ പഠനം നടത്തി സ്ഥലലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രം പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും മറ്റു പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്ന ഫണ്ട് മുടങ്ങുന്നതിനിടയാക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

**1-38 ജി എസ് ടി റിട്ടേൺ ഫയൽ ചെയ്യുന്നതിലുള്ള കാലതാമസത്തിന് പിഴ ഒടുക്കി**

ഗ്രാമപഞ്ചായത്ത് വിവിധ പ്രവർത്തികളിൽ ഈടാക്കി അടവാക്കുന്ന ജി. എസ്.ടിയുമായി ബന്ധപ്പെട്ടുള്ള ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ചവരുത്തിയതുമൂലം 'ലേറ്റ് ഫീസ്' ഒടുക്കേണ്ടി വന്നിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

വൗച്ചർ നം.22100702/31.12.21, തുക-83700/- (തനത് ഫണ്ട്)

ജൂലായ് 2020 മുതൽ ഒക്ടോബർ 2021 വരെ GST-R 3B റിട്ടേൺ ഫയൽ ചെയ്യാതിരുന്നത് മൂലമാണ് പിഴ ഒടുക്കേണ്ടി വന്നിട്ടുള്ളത്. നോട്ടീസ് നം.ZA3210210605554/26.10.21 പ്രകാരം കേന്ദ്ര ജി എസ് ടി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പിഴ ഒടുക്കിയിട്ടുള്ളത്. ഭരണസമിതിയുടെ 3.12.21 തീയതിയിലെ 10(3) നം. തീരുമാനം പ്രകാരം ലേറ്റ്ഫീസ് തനത് ഫണ്ടിൽ നിന്ന് ഒടുക്കുവാനും ഈ കാലയളവിലെ സെക്രട്ടറിമാരിൽ നിന്ന് തുക ഈടാക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രസ്തത തുക ഈടാക്കിയിട്ടില്ല. ഓരോ മാസത്തിലും ഉണ്ടായ ലേറ്റ് ഫീസിന്റെ വിവരം താഴെ ചേർക്കുന്നു.

| മാസം | തുക | ചലാൻ നം. |
|---|---|---|
| ജൂലായ് 2020 വരെയുള്ള പിഴ | 10000 | 21123200081870/18.12.21 |
| ഓഗസ്റ്റ് 2020 | 9660 | 21123200150746/23.12.21 |
| സെപ്തംബർ 2020 | 8960 | 21123200151219/23.12.21 |
| ഒക്ടോബർ 2020 | 8540 | 21123200151601/23.12.21 |
| നവംബർ 2020 | 7920 | 21123200152008/23.12.21 |
| ഡിസംബർ 2020 | 7320 | 21123200156958/24.12.21 |
| ജനുവരി 2021 | 6720 | 21123200157092/24.12.21 |
| ഫെബ്രുവരി 2021 | 6140 | 21123200157517/24.12.21 |
| മാർച്ച് 2021 | 5580 | 21123200157632/24.12.21 |
| ഏപ്രിൽ 2021 | 3760 | 21123200157689/24.12.21 |
| മെയ് 2021 | 3460 | 21123200157719/24.12.21 |
| ജൂൺ 2021 | 3140 | 21123200157753/24.12.21 |
| ജൂലായ് 2021 | 500 | 21123200157775/24.12.21 |
| ഓഗസ്റ്റ് | 500 | 21123200157799/24.12.21 |

| | | |
|---|---|---|
| സെപ്തംബർ 2021 | 500 | 21123200157813/24.12.21 |
| ഒക്ടോബർ 2021 | 500 | 21123200157848/24.12.21 |
| നവംബർ 2021 | 500 | 21123200157873/24.12.21 |
| ആകെ | 83700 | |

ജി.ഒ(പി) നം.87/2017/തസ്വഭവ, തീയതി 1.11.2017 പ്രകാരം യഥാസമയം റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ഉണ്ടാവുന്ന കാലതാമസം ഉണ്ടാവുന്ന പക്ഷം ആയതിനുള്ള പിഴ ഇതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതെ പിഴ ഒടുക്കുവാനിടയായതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27.9.2022) പിഴ ഒടുക്കിയ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ വിവരം ചുവടെ ചേർക്കുന്നു.

2021 നവംബറിൽ ഈ സെക്രട്ടറി ചാർജെടുക്കുമ്പോൾ ജി എസ് ടി റിട്ടേൺ പെന്റിംഗ് ആയിരുന്നു എന്നും തുടർന്ന് ജി എസ്.ടി ഓഫീസിൽ അന്വേഷിച്ചപ്പോൾ ജൂലായ് മുതലുള്ള പിഴ ഒടുക്കിയെങ്കിൽ മാത്രമേ തുടർന്നുള്ള മാസങ്ങളിലെ റിട്ടേൺ ഫയൽ ചെയ്യാൻ കഴിയൂ എന്ന സാഹചര്യത്തിലാണ് പിഴ അടവാക്കേണ്ടിവന്നത്. പിഴയായി ഒടുക്കിയ തുക അതാത് കാലയളവിലെ സെക്രട്ടറിമാരിൽ നിന്ന് ഈടാക്കുന്നതിന് തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്രട്ടറിമാർക്ക് രജിസ്ട്രേഡ് ആയി കത്തയച്ചിട്ടുണ്ട്. തുക അടവാക്കാത്തതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും തുക അടവാക്കിയിട്ടില്ല.

പിഴ ഉണ്ടായ കാലയളവിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-39 ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റി

2021-22 സാമ്പത്തിക വർഷത്തിൽ സർക്കാർ, അർദ്ധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം മാറ്റി വെച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

17.07.2020 -ലെ GO(P)No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡിക യിലെ നിയന്ത്രണ കാലാവധി 15.09.2020 വരെയും 5.11.20ലെ GO(P) No. 152/2020/Fin ഉത്തരവ് പ്രകാരം 31.5.20 വരെയും 26.7.21ലെ GO(P) No. 104/2021/Fin ഉത്തരവ് പ്രകാരം 1.6.21 മുതൽ 6 മാസത്തേക്കും തുടർന്ന് 1.12.21ലെ GO(P) No. 160/2021 /Fin പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം വരേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാർക്ക് കൂടി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ ആർജിതാവധി സറണ്ടർ ആനുകൂല്യം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക (ആർജിതാവധി സറണ്ടർ തുക) | വൗച്ചർ നം, തീയ്യതി |
|---|---|---|---|---|
| 1 | അനിത.ടി | അസി. സെക്രട്ടറി | 59829 | 22100163 /2.6.21, 218995/- |
| 2 | ദിവ്യ.കെ.എം | സീനി.ക്ലാർക്ക് | 42513 | |
| 3 | രാജേഷ്.പി | സീനിയർ ക്ലാർക്ക് | 40515 | |
| 4 | സന്തോഷ്.എൻ | സീനിയർ ക്ലാർക്ക് | 39516 | |
| 5 | അനൂപ് | ക്ലർക്ക് | 31053 | 22100249 / 1.7.21 |

| | | | |
|---|---|---|---|
| | | 213426 | |

ആർജിതാവധി പണമാക്കി മാറ്റിയത് മേൽ പറഞ്ഞ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടാണ്.

മേൽ പറഞ്ഞ അപാകതക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.9.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം-മരണമടഞ്ഞവരെ ഡാറ്റാബേസിൽ നിന്ന് യഥാസമയം ഒഴിവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം, വിവിധ കാരണങ്ങളാൽ അർഹത നഷ്ടപ്പെടുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ 23.09.2020 ലെ സ.ഉ.(എം.എസ്.)നം. 97/2020 നെ മുൻനിർത്തി പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

എ) ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ എന്നു പരിശോധിച്ച് യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും മരണരജിസ്റ്ററുകളും ഒത്തു നോക്കി പരിശോധിച്ചതിൽ മരണപ്പെട്ട നിരവധി പേർ നിലവിലും പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് ആയി തുടരുന്നതായി കണ്ടെത്തി.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.
നിലവിലെ പെൻഷൻ സ്റ്റാറ്റസ് -ആക്ടീവ്

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തരം | അക്കൗണ്ട് നം. | ഗുണഭോക്താവ് മരണപ്പെട്ട തിയതി | അനർഹമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച മാസങ്ങൾ |
|---|---|---|---|---|---|---|
| 1 | ലക്ഷ്മിക്കുട്ടി, തിരുത്തിൻമേൽ, പൊന്നങ്കോട് 350816541433 | 108410201731 | വാർദ്ധക്യ കാല പെൻഷൻ | 003303600001642 (DLXB0000033-THACHAMPARA) | 2.12.21 | 1/2022 മുതൽ 8/2022 വരെ |
| 2 | കേശവൻ 3/142, ഏറ്റുപുറത്ത്, മാട്ടം, തച്ചമ്പാറ, | 108410201711 | വാർദ്ധക്യ കാല പെൻഷൻ | 40376101001307 (KLGB0040376 | 29.11.21 | 12/2021 മുതൽ 8/2022 വരെ |
| 3 | വീരാൻ പുത്തൻ പീടികയിൽ, പാലക്കയം | 108410200795 | OAP | 0736053000002931 (SIBL0000736 | 22.11.21 | (*) |
| 4 | ചിന്നമ്മ ചാക്കോ, പുതുവേലിൽ, നെടുമണ്ണ്, നെടുമണ്ണ്, തച്ചമ്പാറ | 108410202163 | OAP | 10621284164 (SBIN0006455 | 11.11.21 | 12/2021 മുതൽ 4/2022 വരെ. തുടർന്നുള്ള മാസങ്ങളിൽ അക്കൗണ്ട് ക്ലോസ്ഡ് ആണ് |
| 5 | അയ്യപ്പൻ, ഉള്ളിക്കഞ്ചേരി, മുതുകുറുശ്ശി, മുതുകുറുശ്ശി | 108410100025 | ALP | 32631291132 (SBIN0006455 | 1.11.21 | അക്കൗണ്ട് ക്ലോസ്ഡ് |
| 6 | ബേബി മാത്യു, മറ്റത്തിൽ വീട്, പൊന്നംകോട്, തച്ചമ്പാറ | 108410202480 | OAP | 10621278230 (SBIN0006455 | 4.10.21 | (**) |
| 7 | സൈതലവി, മണ്ണയത്ത്, ചൂരിയോട്, തച്ചമ്പാറ | 108410201687 | OAP | 33137132234 (SBIN0006455 | 13.4.21, രജിസ്ട്രേഷൻ-26.10.21 | 5/2021 മുതൽ 8/2022 വരെ |

| | | | | | | |
|---|---|---|---|---|---|---|
| 8 | രാവുണ്ണി, ചുരിയോട് പറമ്പ് വീട്, ചുരിയോട്, തച്ചമ്പാറ | 108410200949 | OAP | 35273267544 (SBIN0006455 | 24.8.21 | 9/2021 മുതൽ 8/2022 വരെ |
| 9 | രായിൻകുട്ടി, അല്ലിങ്ങൽ, പൊന്നംകോട്, തച്ചമ്പാറ | 108410201473 | OAP | 33122409078 (SBIN0006455 | 10.9.21 | 10/2021 മുതൽ 8/2022 വരെ |
| 10 | ലക്ഷ്മിക്കുട്ടിഅമ്മ, കണക്കഞ്ചേരിൽ, ചെന്തണ്ട്, തച്ചമ്പാറ | 108410201884 | OAP | 35065012116 (SBIN0006455 | 6.8.21 | 9/2021 മുതൽ 8/2022 വരെ |

(*) ഡിസംബർ, ജനുവരി മാസങ്ങളിലെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. തുടർന്നുള്ള മാസങ്ങളിലെ തുക Account Closed Or Transfered എന്നു രേഖപ്പെടുത്തി യിരിക്കുന്നു.
(**) നവംബർ, ഡിസംബർ എന്നി മാസങ്ങളിലെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. തുടർന്നുള്ള മാസങ്ങളിലെ തുക Account Closed Or Transfered എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണമടഞ്ഞവരുടെ പെൻഷൻ യഥാസമയം ക്യാൻസൽ ചെയ്യാതെ പെൻഷൻ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/26.9.2022) ഈ കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ഉദ്യോഗസ്ഥതലത്തിൽ ക്ഷാമം ഉണ്ടായതിനാലാണ് ഇത്തരത്തിൽ വീഴ്ച സംഭവിച്ചതെന്നും ഈ ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ നിറുത്തലാക്കുന്നതാണെന്നും അനുവദിച്ച ഗുണഭോക്താക്കളുടെ അവകാശികളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ള തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തൻവർഷം മരണമടഞ്ഞ എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ കണ്ടെത്തി അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ പെൻഷൻ വിതരണം ചെയ്തു കൊണ്ടിരിക്കുന്ന എല്ലാ ഗുണഭോക്താക്കളുടെയും ഡിസ്ക്രിപൻസി ലിസ്റ്റിലെ ഗുണഭോക്താക്കളുടെയും അർഹത പുന:പരിശോധിക്കേണ്ടതും ഡാറ്റാബേസ് കാലികമാക്കേണ്ടതുമാണ്.

**1-41 MGNREGS -മെറ്റീരീയൽ പ്രവൃത്തികൾ നിർവ്വഹിച്ചതിലെ അപാകതകൾ.**

1) ഇ-ടെണ്ടർ നടത്തിയില്ല

2021-22 വർഷത്തിൽ മെറ്റീരിയൽ ഉൾപ്പെടുന്ന 5 പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. 2020-21 വർഷത്തിലാണ് ഈ പ്രവൃത്തികളുടെ ടെണ്ടർ നടന്നിട്ടുള്ളത്. പ്രൊക്യുർമെന്റ് കമ്മറ്റിയുടെ 19.5.20, 16.6.20തീയതികളിലെ തീരുമാനം പ്രകാരമാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. സ.ഉ(കൈ) നം.93/2012/തസ്വഭവ, തീയതി 31.3.2012 പ്രകാരം മെറ്റീരിയൽ വർക്കിനാവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിന് പ്രൊക്യുർമെന്റ് കമ്മറ്റി രൂപീകരിച്ച് പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ നിലവിൽ അവലംബിച്ചു പോരുന്ന പ്രൊക്യുർമെന്റ് മാർഗരേഖ പാലിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ മെറ്റിരീയലുകളുടെ അളവ് കണക്കാക്കി ആകെ തുകക്ക് ഈ-ടെണ്ടർ ചെയ്ത് റണ്ണിംഗ് കോൺട്രാക്ട് നൽകുന്നതിനുപകരം ഓരോ പ്രവർത്തിക്കുമായും ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ഓരോ വർക്കിനും പ്രത്യേകമായി പർച്ചേസ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. പ്രൊക്യുർമെന്റ് മാർഗനിർദ്ദേശം പാലിച്ച് ഇ-ടെണ്ടർ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/29.9.2022) വിശദീകരണം ലഭ്യമാക്കിയില്ല

2) ടി.ഡി.എസ് ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം

65/39/2018/DOR, സ.ഉ(പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവൃത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. (2.5 ലക്ഷത്തിൽ അധികമായി വരുന്ന കോൺട്രാക്ടുകളിൽ നിന്ന് സോഴ്സിൽ തന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് )

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | എഫ്.ടി.ഒ നം. | കരാറുകാരൻ | മെറ്റീരിയൽസ് തുക |
|---|---|---|---|---|---|
| 1 | പുത്തൻകുളം മുതൽ മേലേതിൽ റോഡ് നിർമ്മാണം | 24/16.11.20 | KL1606007007 -584551/30.12.20 | ബിജു.ജെ തോമസ് | 151799 |
| 2 | ആലക്കുന്ന് മുതൽ മാട്ടം റോഡ് വരെ റോഡ് നിർമ്മാണം | 17/29.11.20 | KL1606007007 -584837/30.12.20 | | 215205 |
| 3 | പിച്ചളമുണ്ട വാട്ടർ അതോറിറ്റി റോഡ് കോൺക്രീറ്റ് സംരക്ഷണം | 12/5.11.20 | KL1606007007 -584568/30.12.20 | | 224161 |
| | ആകെ | | | | 591165 |

മേൽ പ്രവൃത്തികൾക്ക് ബില്ലിൽ നിന്നും GST സോഴ്സിൽ തന്നെ 2% കുറവ് ചെയ്യാത തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, കൂടാതെ സപ്ലൈയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/29.9.2022) മറുപടി ലഭ്യമാക്കിയില്ല. ഈ പ്രവർത്തികൾ ഉൾപ്പെടുത്തി ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ കൃത്യമായി ടി.ഡി.എസ് നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തതിലെ കാലതാമസം - പിഴയിനത്തിൽ ഒടുക്കിയ 83700/-രൂപ തിരികെ ഈടാക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികളിൽ ഈടാക്കി അടവാക്കുന്ന ജി. എസ്.ടിയുമായി ബന്ധപ്പെട്ടുള്ള ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ചവരുത്തിയതുമൂലം 'ലേറ്റ് ഫീസ്' ഒടുക്കേണ്ടി വന്നിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

വൗച്ചർ നം.22100702/31.12.21, തുക-83700/- (തനത് ഫണ്ട്)

ജൂലായ് 2020 മുതൽ ഒക്ടോബർ 2021 വരെ GST-R 3B റിട്ടേൺ ഫയൽ ചെയ്യാതിരുന്നത് മൂലമാണ് പിഴ ഒടുക്കേണ്ടി വന്നിട്ടുള്ളത്. നോട്ടീസ് നം.ZA3210210605554/26.10.21 പ്രകാരം കേന്ദ്ര ജി എസ് ടി വകുപ്പിൽ നിന്നും നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പിഴ ഒടുക്കിയിട്ടുള്ളത്. ഭരണസമിതിയുടെ 3.12.21 തീയതിയിലെ 10(3) നം. തീരുമാനം പ്രകാരം ലേറ്റ്ഫീസ് തനത് ഫണ്ടിൽ നിന്ന് ഒടുക്കുവാനും ഈ കാലയളവിലെ സെക്രട്ടറിമാരിൽ നിന്ന് തുക ഈടാക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും പ്രസ്തത തുക ഈടാക്കിയിട്ടില്ല. ഓരോ മാസത്തിലും ഉണ്ടായ ലേറ്റ് ഫീസിന്റെ വിവരം താഴെ ചേർക്കുന്നു.

| മാസം | തുക | ചലാൻ നം. |
|---|---|---|
| ജൂലായ് 2020 വരെയുള്ള പിഴ | 10000 | 21123200081870/18.12.21 |
| ഓഗസ്റ്റ് 2020 | 9660 | 21123200150746/23.12.21 |
| സെപ്തംബർ 2020 | 8960 | 21123200151219/23.12.21 |
| ഒക്ടോബർ 2020 | 8540 | 21123200151601/23.12.21 |
| നവംബർ 2020 | 7920 | 21123200152008/23.12.21 |
| ഡിസംബർ 2020 | 7320 | 21123200156958/24.12.21 |
| ജനുവരി 2021 | 6720 | 21123200157092/24.12.21 |
| ഫെബ്രുവരി 2021 | 6140 | 21123200157517/24.12.21 |
| മാർച്ച് 2021 | 5580 | 21123200157632/24.12.21 |
| ഏപ്രിൽ 2021 | 3760 | 21123200157689/24.12.21 |
| മെയ് 2021 | 3460 | 21123200157719/24.12.21 |
| ജൂൺ 2021 | 3140 | 21123200157753/24.12.21 |
| ജൂലായ് 2021 | 500 | 21123200157775/24.12.21 |
| ഓഗസ്റ്റ് | 500 | 21123200157799/24.12.21 |
| സെപ്തംബർ 2021 | 500 | 21123200157813/24.12.21 |
| ഒക്ടോബർ 2021 | 500 | 21123200157848/24.12.21 |
| നവംബർ 2021 | 500 | 21123200157873/24.12.21 |
| ആകെ | 83700 | |

ജി.ഒ(പി) നം.87/2017/തസ്വഭവ, തീയതി 1.11.2017 പ്രകാരം യഥാസമയം റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ഉണ്ടാവുന്ന കാലതാമസം ഉണ്ടാവുന്ന പക്ഷം ആയതിനുള്ള പിഴ ഇതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാതെ പിഴ ഒടുക്കുവാനിടയായതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27.9.2022) പിഴ ഒടുക്കിയ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ വിവരം ചുവടെ ചേർക്കുന്നു.

2021 നവംബറിൽ ഈ സെക്രട്ടറി ചാർജെടുക്കുമ്പോൾ ജി എസ് ടി റിട്ടേൺ പെന്റിംഗ് ആയിരുന്നു എന്നും തുടർന്ന് ജി എസ്.ടി ഓഫീസിൽ അന്വേഷിച്ചപ്പോൾ ജൂലായ് മുതലുള്ള പിഴ ഒടുക്കിയെങ്കിൽ മാത്രമേ തുടർന്നുള്ള മാസങ്ങളിലെ റിട്ടേൺ ഫയൽ ചെയ്യാൻ കഴിയൂ എന്ന സാഹചര്യത്തിലാണ് പിഴ അടവാക്കേണ്ടിവന്നത്. പിഴയായി ഒടുക്കിയ തുക അതാത് കാലയളവിലെ സെക്രട്ടറിമാരിൽ നിന്ന് ഈടാക്കുന്നതിന് തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്രട്ടറിമാർക്ക് രജിസ്ട്രേഡ് ആയി കത്തയച്ചിട്ടുണ്ട്. തുക അടവാക്കാത്തതിനാൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും തുക അടവാക്കിയിട്ടില്ല.

പിഴ വരുത്തിയ കാലയളവിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19.08.2022 മുതൽ 28.08.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 18-19 | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| | 19-20 | 4021 | സാന്ത്വന പരിചരണ പദ്ധതി | 0 | 4021 |
| | 19-20 | 6824 | ലൈഫ് ഭവന പദ്ധതി | 0 | 6824 |
| | 20-21 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 200000 |
| | 19-20 | 144231 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 144231 |
| | 2017-18 നു മുമ്പുള്ള തുക | 51859 | ശ്മശാന നവീകരണം | 0 | 51859 |
| | 21-22 | 68000 | സമഗ്ര നെൽകൃഷി | 68000 | 0 |
| | 21-22 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| | 21-22 | 960000 | ലൈഫ് ഭവനം – ജനറൽ | 960000 | 0 |
| | 21-22 | 360000 | ലൈഫ് ഭവനം - എസ്.സി | 360000 | 0 |
| | 21-22 | 130004 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 130004 | 0 |
| | 21-22 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| പാലക്കാട് ജില്ല പഞ്ചായത്ത് | 19-20 | 10747 | ലൈഫ് ഭവന പദ്ധതി | 0 | 10747 |
| | 21-22 | 225000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് | 225000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്കോളർഷിപ്പ് | | |
| | | 21-22 | 50000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 50000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രൊജക്ട് നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | 146/22 | മുതുക്കുറിശ്ശി അമ്പലപ്പടി റോഡ് വൈദ്യുത പോസ്റ്റ് മാറ്റൽ | 22100626 /25.11.21 | 142935 | 142935 | - |
| 2 | കെ എസ് ഇ ബി | 174/22 | വൈദ്യുത പോസ്റ്റ് മാറ്റൽ | 22100627 /25.11.21 | 182762 | 182762 | - |
| 3 | കേരള വാട്ടർ അതോറിറ്റി | 150/22 | വിവിധ വാർഡുകളിലെ എസ് സി കോളനികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | 02/21-22/06.11.2021 | 390000 | - | 390000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

കെ യു ആർഡി എഫ് സി ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതിക്കായി എ എഫ് എസ് പ്രകാരം വായ്പയിനത്തിൽ 360000 രൂപയാണ് വരവായി എടുത്തിട്ടുള്ളത്. യഥാർത്ഥത്തിൽ ലോണിനത്തിൽ ലഭ്യമായ തുക 160000/- രൂപ മാത്രമാണ്. സ്റ്റേറ്റ് ഷെയർ 200000/- രൂപ ലഭ്യമായത് ലോണിനത്തിൽ രേഖപ്പെടുത്തിയത് മൂലം തിരിച്ചടക്കാനുള്ള തുകയിൽ വ്യത്യാസം വരുന്നുണ്ട്. ലോണിനത്തിൽ ലഭ്യമാക്കിയ തുക മുഴുവനായി വിനിയോഗിച്ചിട്ടുണ്ട്.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018/ എൽ.എസ്. ജി.ഡി | 160000 * | 24508000 | 2068000 | | 22600000 |

*സ്റ്റേറ്റ് ഷെയറായി ലഭിച്ച തുക ലോണിന്റെ ഹെഡിലാണ് വരവിൽ എടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക 22600000/- രൂപയാണെങ്കിലും വാർഷികകണക്കിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 200000/- രൂപ കൂടുതലായി 22800000/- രൂപയാണ്.

**4-6 സ്ഥിര നിക്ഷേപം**

ഒന്നുമില്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 6828/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-26-13 | 1778 | ഷിജു ജോർജ്ജ്, കരാറുകാരൻ | 450100101/ 21.03.22 |
| 2019-20 | 1-26-19 | 1999 | ടി | 450100101/ 21.03.22 |
| 2019-20 | 1-26-30 | 3051 | ടി | 450100101/ 21.03.22 |
| | ആകെ | 6828/- | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7876319 |
| ഓഡിറ്റ് വർഷത്തെ വരവ് | 62295681 |
| ആകെ | 70172000 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62403717 |
| നീക്കിയിരിപ്പ് | 7768283 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 83700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2816700 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം (സർചാർജ് ചെയ്യാവുന്നത്) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1-38) | 10000 | ശ്രീ സുരേഷ്.പി സെക്രട്ടറി (ചാർജ്ജ്) |
| | 42400 | ശ്രീ ഗിരിപ്രസാദ് പി.എൽ സെക്രട്ടറി |
| | 18440 | ശ്രീമതി രമ്യ കൃഷ്ണൻ സെക്രട്ടറി (ചാർജ്ജ്) |
| | 10360 | ശ്രീ ഹരിമോഹൻ ഉണ്ണികൃഷ്ണൻ സെക്രട്ടറി |
| | 1500 | ശ്രീമതി അനിത. ടി സെക്രട്ടറി (ചാർജ്ജ്) |
| | 1000 | ശ്രീമതി ശ്രീദേവി അമ്മ. പി സെക്രട്ടറി |
| ആകെ | 83700/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 696500 | ശ്രീമതി. ശ്രീദേവി അമ്മ.പി, സെക്രട്ടറി |
| 1-21 | 1772181 | ശ്രീ.അജി.എസ്.ആനന്ദ്, കൃഷി ഓഫീസർ |
| 1-22 | 175879 | ശ്രീമതി.കണ്ണമ്മ.യു.ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 141437 | ശ്രീമതി.ശ്രീലത.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 28601 | ശ്രീമതി.ശ്രീലത.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 2102 | ശ്രീമതി.കണ്ണമ്മ.യു.ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 2816700/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഖണ്ഡിക തുക**

1-35 6794

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീദേവി അമ്മ.പി, സെക്രട്ടറി | സെക്രട്ടറി, തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | തായിപ്പിള്ളി വീട്, കൊറ്റൻകുളങ്ങര, അവലൂകുന്ന് പി.ഒ, ആലപ്പുഴ – 688066 |
| ശ്രീ അജി.എസ്.ആനന്ദ് കൃഷി ഓഫീസർ | കൃഷി ഓഫീസർ | ദ്വാരക, പാലമുണ്ട, ചുങ്കത്തറ പി.ഒ, മലപ്പുറം – 679334 |
| ശ്രീമതി.ശ്രീലത.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പൂങ്ങാട്ടുകുഴിയിൽ വീട്, ചെത്തല്ലൂർ പി.ഒ, മണ്ണാർക്കാട് – 678583 |
| ശ്രീമതി കണ്ണമ്മ. യു.ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | വലിയപറമ്പിൽ വീട്, പാക്കുളം, താവളം (പി.ഒ) പാലക്കാട് |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | 9 |
| 1997-98 | LFP4/51/02/22.01.02 | 4 |
| 1998-99 | LFP9/681/04/18.08.04 | 7 |
| 1999-00 | LFP9/186/05/28.01.06 | 3 |
| 2000-01 | LFP9/180/07/14.02.08 | 7 |
| 2001-02 | LFP9/48/09/18.11.10 | 4 |
| 2002-03 | LFP9/48/09/20.12.10 | 1 |
| 2003-04 | LFP9/2180/13/30.12.13 | 3 |
| 2004-05 | LFP9/2181/13/30.12.13 | 4 |
| 2005-06 | LFP9/2182/13/30.12.13 | 4 |
| 2006-07 | LFP9/2183/13/30.12.13 | 12 |
| 2007-08 | LFP9/1797/13/13.12.13 | 7 |
| 2008-09<br>2009-10<br>2010-11 | LFP9/1722/12/ 10-10-2012 | 11 |
| 2011-12 | LFP9/308/14/21.03.14 | 10 |
| 2012-13 | LFP9/222/15/10.3.15 | 11 |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി 9/ 1011/16 തീ.14-7-16 | 14 |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി. 9-223/2017 തീ.8.2.2017 | 23 |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി. 9- 1745/17 തീയതി- 13.11.17 | 11 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി. 9-454/2017 തീ.21.5.2019 | 21 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി. 9-121/2020 തീ. 12-5-2020 | 15 |
| 2019-20 | നം.കെ.എസ്.എ-പി.കെ.ഡി. 9/20/2022 തീ. 16-02-2022 | 20 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി . 9/21/22 /22-03-2022 | 40 |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-1**
**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യപത്രികകൾ

**Tachampara GramaPanchayat**

**Income&ExpenditureStatement**

For the period from 01-April-2021to 31-March-2022

| *Code* | *HeadOfAccount* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | **Income** | | |
| 110000000 | TaxRevenue | I-1 | 3,938,440.00 |
| 130000000 | RentalIncomefromPanchayatProperties | I-3 | 9,500.00 |
| 140000000 | Fees&UserCharges | I-4(b) | 1,458,741.00 |
| 150000000 | Sale&HireCharges | I-5(b) | 151,152.00 |
| 160000000 | RevenueGrants,Funds,Contributions&Compensations | I-6 | 112,694,454.00 |
| 171000000 | InterestEarned | I-8 | 107,293.00 |
| 180000000 | OtherIncome | I-9 | 261,875.00 |
| **A** | **Total-Income** | | **118,621,455.00** |
| | **Expenditure** | | |
| 210000000 | EstablishmentExpenses | I-10(b) | 11,287,423.00 |
| 220000000 | AdministrativeExpenses | I-11(b) | 1,480,376.00 |
| 230000000 | Operations&Maintenance | I-12(b) | 10,882,701.00 |
| 240000000 | Interest&FinanceCharges | I-13 | 2,098.00 |
| 250000000 | DecentralisedPlanProgramme-ProductiveSector | I-14 | 5,192,346.00 |
| 251000000 | DecentralisedPlanProgramme-ServiceSector | I-14(a) | 31,889,045.00 |
| 252000000 | DecentralisedPlanProgramme-InfrastructureSector | I-14(b) | 3,028,942.00 |
| 253000000 | DecentralisedPlanProgramme-ProjectsnotincludedinSector | I-14(c) | 1,225,744.00 |
| | Division | | |
| 254000000 | ExpendituresofTransferredInstitutionsandStateSponsoredSchemes | I-14(d) | 53,901,344.00 |
| | (notincludedunderDecentralisedPlanProgramme) | | |
| 255000000 | MaintenanceProjects | I-14(e) | 8,041,159.00 |
| 256000000 | OtherRevenueGrantsandFunds-RevenueExpenses | I-15(a) | 1,483,000.00 |
| 260000000 | Grants,ContributionsandCompensationsfromOwnFund | I-15 | 202,000.00 |
| 272000000 | Depreciation | I-17(a) | 6,296,380.00 |
| **B** | **Total-Expenditure** | | **134,912,558.00** |
| **C=A-B** | *GrossSurplus/DeficitofIncomeoverExpenditure* | | **(16,291,103.00)** |
| **D=** 280000000 | PriorPeriodItem | I-18 | 158,812.00 |
| **E=C-D** 290000000 | *Gross Surplus/Deficit of Income over Expenditure after priorperioditems* TransfertoReserveFunds | | **(16,449,915.00)** |
| | *Net Balance being surplus/deficit carried over to Balance sheet(PanchayatFund)* | | |

RECEIPT & PAYMENT STATEMENT

For the period from 01-April-2021to 31-March-2022

| *Code* | *HeadAccount* | *Schedule* | *Amount(Rs.)* |
|---|---|---|---|
| **OpeningBalance** | | | |
| | Bank | RP-40(a) | 7,770,865.00 |
| | Cash | RP-40(a) | 105,454.00 |
| **Receipts** | | | |
| **Operating** | | | |
| 110000000 | TaxRevenue | RP-1 | 982,150.00 |
| 130000000 | RentalIncomefromPanchayatProperties | RP-3 | 9,500.00 |
| 140000000 | Fees&UserCharges | RP-4 | 1,307,580.00 |
| 150000000 | Sale&HireCharges | RP-5 | 151,152.00 |
| 160000000 | RevenueGrants,Funds,Contributions&Compensations | RP-7 | 42,581,094.00 |
| 171000000 | InterestEarned | RP-9 | 107,293.00 |
| 320000000 | Grants,Funds&ContributionsforSpecificPurposes | RP-31 | 11,613,633.00 |
| 350000000 | OtherLiabilities | RP-36 | 239,204.00 |
| **NonOperating** | | | |
| 180000000 | OtherIncome | RP-10 | 7,775.00 |

| | | | |
|---|---|---|---|
| 311000000 | EarmarkedFunds | RP-29 | 321,446.00 |
| 330000000 | SecuredLoans | RP-32 | 360,000.00 |
| 340000000 | DepositsReceived | RP-34 | 138,021.00 |
| 350000000 | OtherLiabilities | RP-36 | 327,196.00 |
| 410000000 | FixedAssets | RP-38 | 0.00 |
| 431000000 | SundryDebtors(Receivables) | RP-43 | 3,321,874.00 |
| 460000000 | Loans,AdvancesandDeposits | RP-47 | 827,763.00 |
| **GrandTotal 70,172,000.00** | | | |

### Payments

| | | | |
|---|---|---|---|
| **Operating** | | | |
| 210000000 | EstablishmentExpenses | RP-11 | 3,874,220.00 |
| 220000000 | AdministrativeExpenses | RP-12 | 1,480,376.00 |
| 230000000 | Operations&Maintenance | RP-13 | 2,091,058.00 |
| 250000000 | DecentralisedPlanProgramme-ProductiveSector | RP-15 | 5,103,696.00 |
| 251000000 | DecentralisedPlanProgramme-ServiceSector | RP-16 | 18,371,063.00 |
| 252000000 | DecentralisedPlanProgramme-InfrastructureSector | RP-17 | 2,814,907.00 |
| 253000000 | DecentralisedPlanProgramme-ProjectsnotincludedinSectorDivision | RP-18 | 1,225,744.00 |
| 254000000 | ExpendituresofTransferredInstitutionsandStateSponsoredSchemes(noti | RP-19 | 111,444.00 |
| 255000000 | MaintenanceProjects | RP-20 | 6,505,553.00 |
| 256000000 | OtherRevenueGrantsandFunds-RevenueExpenses | RP-21 | 1,483,000.00 |
| 260000000 | Grants,ContributionsandCompensationsfromOwnFund | RP-22 | 202,000.00 |
| 280000000 | PriorPeriodItem | RP-26 | -1,200.00 |
| 320000000 | Grants,Funds&ContributionsforSpecificPurposes | RP-31 | 50,749.00 |
| 350000000 | OtherLiabilities | RP-36 | 9,351,558.00 |
| **NonOperating** | | | |
| 240000000 | Interest&FinanceCharges | RP-14 | 2,098.00 |
| 280000000 | PriorPeriodItem | RP-26 | -3,360.00 |
| 340000000 | DepositsReceived | RP-34 | 132,150.00 |
| 350000000 | OtherLiabilities | RP-36 | 2,818,366.00 |
| 410000000 | FixedAssets | RP-38 | 5,274,581.00 |
| 430000000 | Stock-in-hand | RP-42 | 0.00 |
| 431000000 | SundryDebtors(Receivables) | RP-43 | 118,400.00 |
| 460000000 | Loans,AdvancesandDeposits | RP-47 | 1,397,314.00 |

### ClosingBalance

| | | |
|---|---|---|
| Bank | RP-40(b) | 7,644,404.00 |
| Cash | RP-40(b) | 123,879.00 |

| *Code* | *HeadAccount* | *Schedule* | *Amount(Rs.)* |
|---|---|---|---|
| **GrandTotal 70,172,000.00** | | | |

## BALANCE SHEET as on 31.03.2022

| CodeNo. | DescriptionofItems | ScheduleNo | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve&Surplus** | | |
| 310000000 | Muncipal(General)Fund[CodeNo310] | B-1 | (15909266.00) |
| 311000000 | EarmarkedFunds | B-2 | 321446.00 |
| 312000000 | Reserves | B-3 | 94928823.00 |
| | ***TotalReserve&Surplus*** | | **79341003.00** |
| 320000000 | **Grants,Contributionsforspecificpurposes**<br>Grants,Funds&ContributionsforSpecificPurposes | B-4 | 4791808.00 |
| | ***TotalGrants,Contributionsforspecificpurposes*** | | **4791808.00** |
| 330000000 | **Loans**<br>SecuredLoans | B-5 | 22800000.00 |
| | ***TotalLoans*** | | **22800000.00** |
| | **CurrentLiabilities and Provisions** | | |
| 340000000 | DepositsReceived | B-7 | 595164.00 |
| 341000000 | DepositWorks | B-8 | 0.00 |
| 350000000 | OtherLiabilities | B-9 | 1180148.00 |
| | ***TotalCurrentLiabilitiesandProvisions*** | | **1775312.00** |
| | **TOTALLIABILITIES** | | **108708123.00** |
| | **ASSETS** | | |

| | | | |
|---|---|---|---|
| | **FixedAssets** | | |
| 410000000 | FixedAssets | B-11 | 97291796.00 |
| 411000000 | AccumulatedDepreciation | B-11 | (19922939.00) |
| 412000000 | CapitalWorkInProgress | B-11(a) | 0.00 |
| | ***TotalFixedAssets*** | | **77368857.00** |
| | **CurrentAssets,LoansandAdvances** | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | SundryDebtors(Receivables) | B-15 | 247981.00 |
| 440000000 | Pre-paidExpenses | B-16 | 22040000.00 |
| 450000000 | CashandBankbalance | B-17 | 7768283.00 |
| 460000000 | Loans,AdvancesandDeposits | B-18 | 1283002.00 |
| | ***TotalCurrentAssets,LoansandAdvances*** | | **31339266.00** |
| | **TOTALASSETS** | | **108708123.00** |

**ഡെപ്യൂട്ടി ഡയറക്ടർ**